www.malankaralibrary.com

## മലങ്കര സുറിയാനി കത്തോലിക്ക സഭ

# മലങ്കര കാത്തലിക് അസ്സോസിയേഷൻ

## മൂവാറ്റുപുഴ രൂപത



MALANKARA CATHOLIC ASSOCIAITON

TRUTH UNITY PEACE

# സ്മരണിക 2021

www.malankaralibrary.com



അഭിഭാഷക സംഗമം




22-ാം ആഗോള അല്മായ സംഗമം



കർമ്മപരിപാടികളുടെ ഉദ്ഘാടനം




ശ്രീലങ്കൻ ജനതയ്ക്ക് ഐക്യദാർഢ്യം

www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്ക സഭ

# മലങ്കര കാത്തലിക് അസ്സോസിയേഷൻ

(എം.സി.എ.)

## മൂവാറ്റുപുഴ രൂപത



# 2021 സ്മരണിക

www.malankaralibrary.com

# എം.സി.എ പ്രാർത്ഥന


സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ സ്നേഹപിതാവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേയ്ക്ക് നന്ദിപറയുകയും ചെയ്യുന്നു. മനുഷ്യവംശത്തിന്റെ വീണ്ടെടുപ്പിനായി അവതരിച്ച അങ്ങേ തിരുക്കുമാരൻ, അങ്ങയെ ഞങ്ങൾക്ക് വെളിപ്പെടുത്തിത്തരുകയും, കുരിശിലെ യാഗം വഴിയായി ഞങ്ങളെ അവിടുത്തെ മക്കളായിത്തീർക്കുകയും ചെയ്തു. അങ്ങേ പ്രിയപുത്രന്റെ രക്ഷാകര സന്ദേശം ലോകത്തെങ്ങും അറിയിക്കുവാൻ ഞങ്ങളെ അവിടുന്ന് ഭരമേൽപ്പിച്ചിരിക്കുകയാണല്ലോ. ഈ മഹത്തായ ഉത്തരവാദിത്വം മലങ്കര കാത്തലിക്ക് അസ്സോസിയേഷനിലൂടെ നിറവേറ്റുവാൻ ഞങ്ങൾക്ക് കൃപതരേണമെ. ആദിമ ക്രൈസ്തവ സഹോദരങ്ങളെപ്പോലെ ഒരേ മനസ്സും ഒരേ ഹൃദയവുമുള്ളവരായി ജീവിക്കുവാനും പ്രവർത്തിക്കുവാനും എം.സി.എയുടെ സന്ദേശവാഹകരാകുവാനും ഞങ്ങളെ പ്രാപ്തരാക്കേണമെ. കാലഘട്ടത്തിന് ഉചിതമായ പ്രതിബന്ധതയോടെ എം.സി.എയുടെ ചൈതന്യം സ്വാംശീകരിക്കുവാനും സുവിശേഷ സന്ദേശം സ്വീകരിക്കുവാനും പ്രചരിപ്പിക്കുവാനും ഞങ്ങളെ ഒരുക്കേണമെ. പരസ്പരം ഭാരങ്ങൾ വഹിക്കുവാനും സ്നേഹ ശുശ്രൂഷയിലൂടെയും പങ്കുവയ്ക്കലിലൂടെയും സമഗ്ര വിമോചനവും ഐശ്വര്യവും ലക്ഷ്യമായുള്ള ഒരു മലങ്കര കത്തോലിക്ക സഭ കൂട്ടായ്മയെ കെട്ടിപ്പടുക്കുവാനും ഞങ്ങളെ സഹായിക്കേണമെ.

മലങ്കര കാത്തലിക് അസ്സോസിയേഷനെ അങ്ങ് പ്രത്യേകമായി ആശിർവദിക്കുകയും, അങ്ങയുടെ തിരുഹൃദയത്തിൽ കാത്തുസൂക്ഷിക്കുകയും ചെയ്യേണമെ ! സർവ്വത്രിക സഭയുടെ തലവനായ മാർപാപ്പയോടും, മലങ്കര കത്തോലിക്ക സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവയോടും, സഭയിലെ എല്ലാ മെത്രാപ്പോലീത്തമാരോടും വൈദീകരോടും, സന്യസ്തരോടും ദൈവജനത്തോടും സമ്പൂർണ്ണ കൂട്ടായ്മ പുലർത്തി തിരുനാമമഹത്വത്തിനായി പ്രവർത്തിപ്പാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ എല്ലാ ചിന്തകളേയും സംരംഭങ്ങളെയും വിശുദ്ധീകരിക്കുകയും എം.സി.എയുടെ സഭാതല ശുശ്രൂഷകരായിത്തീരുവാൻ ഞങ്ങളെ അനുഗ്രഹിക്കുയും ചെയ്യണമെ. മലങ്കര കാത്തലിക് അസ്സോസിയേഷനെ അവിടുത്തെ കരുണാപൂർണ്ണമായ പരിപാലനത്തിനായി സമർപ്പിക്കുന്നു. അസ്സോസിയേഷന് നേതൃത്വം നൽകുന്ന എല്ലാവരെയും അങ്ങേ കൃപയാൽ കാത്തുകൊള്ളേണമെ ! അങ്ങയുടെ തിരുഹിതം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനും അത് ജീവിതത്തിലൂടെ സാക്ഷ്യമാകുവാനും അവർക്ക് കൃപതരേണമെ ! പുനരൈക്യത്തിന്റെ മാതാവായ വിശുദ്ധ കന്യകമറിയാമ്മിനോടും എം.സി.എയുടെ സ്വർഗ്ഗീയ മധ്യസ്ഥനായ യൗസേപ്പ് പിതാവിനോടും ചേർന്ന് അങ്ങേ തിരുകുമാരനായ യേശുവിന്റെ നാമത്തിൽ ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥന കേൾക്കണമെ.

ആമ്മീൻ

www.malankaralibrary.com

# അല്മായ പ്രസ്ഥാനത്തിന് മാർഗ്ഗദർശനം നൽകിയ അഭി. പിതാക്കന്മാർ



മോസ്റ്റ് റവ. ഡോ. തോമസ്
മാർ കൂറീലോസ് മെത്രാപ്പോലീത്ത
(പ്രഥമ രൂപതാദ്ധ്യക്ഷൻ, മൂവാറ്റുപുഴ രൂപത)



മോസ്റ്റ് റവ. ഡോ. യൂഹാനോൻ
മാർ തെയഡോഷ്യസ്
(മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ)



മോസ്റ്റ് റവ. ഡോ. എബ്രാഹാം
മാർ യൂലിയോസ്
(ദ്വിതീയ മെത്രാപ്പോലീത്ത, മൂവാറ്റുപുഴ രൂപത)

www.malankaralibrary.com




THE SYRO-MALANKARA CATHOLIC CHURCH

# DIOCESE OF MUVATTUPUZHA

✠ YOOHANON MAR THEODOSIUS
Bishop of Muvattupuzha


## സന്ദേശം

രജത ജൂബിലി നിറവിലായിരിക്കുന്ന മലങ്കര കാത്തലിക് അസ്സോസിയേഷന് (എം.സി.എ.) ആശംസകൾ നേരുന്നു. പൊതു സമൂഹത്തിൽ ഫലപ്രദമായ ക്രിസ്തീയ സാന്നിധ്യമാകുവാൻ അല്മായ സഹോദരങ്ങളെ പ്രചോദിപ്പിക്കുകയും പ്രാപ്തമാക്കുകയും ചെയ്യുന്ന എം.സി.എ.-യുടെ മൂവാറ്റുപുഴ രൂപതാ സമിതി '*സ്മരണിക 2021*' എന്ന പേരിൽ ഒരു മാസിക പുറത്തിറക്കുന്നു എന്നറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു. എം.സി.എ-യുടെ വാർഷിക അംസബ്ലി നടക്കുന്ന വേളയിൽ ഈ സ്മരണിക 2021 മാറ്റത്തിന്റെയും സാക്ഷ്യത്തിന്റെയും ഒരുണർത്ത് പാട്ടായിത്തീരട്ടെയെന്ന് ആശംസിക്കുന്നു!

കോവിഡ്-19 മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ മതേതര സമൂഹത്തിന് മുമ്പിൽ സുവിശേഷ മൂല്യങ്ങളുടെയും സഭാ വിശ്വാസത്തിന്റെയും സാക്ഷികളാകുവാൻ എം.സി.എ-യ്ക്ക് കഴിയണം. ഇക്കാലയളവിൽ എം.സി.എ.-യ്ക്ക് നിസ്തുലമായ നേതൃത്വം നൽകിയ വൈദിക ഉപദേഷ്ടാവ് വെരി റവ. മോൺ. ചെറിയാൻ ചെന്നിക്കരയെയും, പ്രസിഡന്റ് ശ്രീ. വി.സി ജോർജ്ജ്കുട്ടിയെയും, ജനറൽ സെക്രട്ടറി ശ്രീ. ഷിബു പനച്ചിക്കലിനെയും ഇതര ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

വിശുദ്ധ യൗസേപ്പിന്റെ മദ്ധ്യസ്ഥത്തിനായി നീക്കി വച്ചിരിക്കുന്ന ഈ വർഷം കുടുംബ വർഷം കൂടിയാണല്ലോ. തിരുക്കുടുംബ ചൈതന്യത്തിൽ കുടുംബങ്ങളെ രൂപപ്പെടുത്തുവാനും, പുതിയ തൊഴിൽ മേഖലകളുടെ സാധ്യതകൾ തിരിച്ചറിയാനും, സഭയുടെ സാക്ഷ്യമുഖമായി വർത്തിക്കുവാനും എം.സി.എ പദ്ധതികൾ ആവിഷ്കരിക്കണം. അതോടൊപ്പം, പുനരൈക്യത്തിന്റെ ശതാബ്ദിയാഘോഷങ്ങളിലേക്ക് വെളിച്ചം പകരാൻ സുവിശേഷാധിഷ്ഠിതമായി സമൂഹ നിർമ്മിതിക്ക് ആവശ്യമായ കർമ്മപരിപാടികൾക്ക് തുടക്കം കുറിക്കുകയും വേണം. ഇന്നലെകളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് മാറ്റത്തിന്റെ പ്രചാരകരാകുവാൻ നമ്മുടെ അല്മായ സമൂഹത്തിന് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

+ Mar Theodosius

09 ഏപ്രിൽ 2021

✠ യൂഹാനോൻ മാർ തെയഡോഷ്യസ്
മൂവാറ്റുപുഴ മെത്രാപ്പോലീത്താ.

www.malankaralibrary.com

# രൂപത ഭാരവാഹികൾ 2019 - 21



വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര
വൈദികോപദേഷ്ടാവ്



വി.സി. ജോർജ്ജ്കുട്ടി
പ്രസിഡന്റ്



ഷിബു പനച്ചിക്കൽ
ജനറൽ സെക്രട്ടറി




സജി താണിക്കൽ
ട്രഷറർ



എൻ. ടി. ജേക്കബ്ബ്
സഭാതല വൈസ് പ്രസിഡന്റ്



ഗീവർഗീസ് കെ.എം
വൈസ് പ്രസിഡന്റ്



ലീന സമ്പത്ത്
വൈസ് പ്രസിഡന്റ്



ഉമ്മൻ ശങ്കരമംഗലം
സെക്രട്ടറി



ഫിലിപ്പ് കെ.എം
എക്സിക്യൂട്ടീവ് മെമ്പർ



ഷീല അലക്സ്
എക്സിക്യൂട്ടീവ് മെമ്പർ



മേരി കുര്യൻ
എക്സിക്യൂട്ടീവ് മെമ്പർ



ഡാനിയേൽ തോമസ്
എക്സിക്യൂട്ടീവ് മെമ്പർ




റ്റി.ഡി.ജോർജ്ജുകുട്ടി
എക്സിക്യൂട്ടീവ് മെമ്പർ


## മുൻ വൈദികോപദേഷ്ടാക്കൾ



വെരി. റവ. ഫാ. ഐസക്ക് കോച്ചേരി




റവ. ഫാ. ജോസ് കുറ്റിക്കേരിൽ




വെരി. റവ. ഡോ. ജോസ് മരിയദാസ് ഒ.ഐ.സി




വെരി. റവ. ഡോ. തോമസ് മുതലപ്ര




വന്ദ്യ. ജോൺ വർഗീസ് ഈശ്വരൻകുടിയിൽ കോർ - എപ്പിസ്കോപ്പ



റവ. ഫാ. അഗസ്റ്റിൻ ഒ.ഐ.സി



റവ. ഫാ. ഷൈജു മാത്യു മേപ്പുറത്ത് ഒ.ഐ.സി



വെരി. റവ. മോൺ. ചെറിയാൻ ചെന്നീക്കര



റവ. ഫാ. വർഗീസ് കുന്നുംപുറത്ത് (Late)

## മുൻ രൂപത പ്രസിഡന്റ് & ജനറൽ സെക്രട്ടറി



**കെ. ജെ. പീറ്റർ കീയ്യാലിൽ**
ബാർ ഈത്തോ ശാറീറോ
പ്രസിഡന്റ് – (2003–2005)



**ഫിലിപ്പ് കടവിൽ**
ജന. സെക്രട്ടറി – (2003–2005)
പ്രസിഡന്റ് – (2009–2011)
പ്രസിഡന്റ് – (2011–2013)



**എഡിസൻ ജി. വർഗീസ്**
പ്രസിഡന്റ് – (2005–2007)
ജന. സെക്രട്ടറി – (2007–2009)



**ബേബി കാര്യത്ത്**
ജന. സെക്രട്ടറി – (2005–2007)
പ്രസിഡന്റ് – (2007–2009)



**വി. സി. ജോർജ്ജ്കുട്ടി**
ജന. സെക്രട്ടറി – (2009–2011)
ജന. സെക്രട്ടറി – (2011–2013)
പ്രസിഡന്റ് – (2019–2021)



**കെ. ടി. കുര്യാക്കോസ്**
പ്രസിഡന്റ് – (2013–2015)



**എൻ. ടി. ജേക്കബ്ബ്**
പ്രസിഡന്റ് – (2015–2017)
പ്രസിഡന്റ് – (2017–2019)



**അഡ്വ. എൽദോ പുക്കുന്നേൽ**
ജന. സെക്രട്ടറി – (2013–2015)
ജന. സെക്രട്ടറി – (2015–2017)



**ഷിബു പനച്ചിക്കൽ**
ജന. സെക്രട്ടറി – (2017–2019)
ജന. സെക്രട്ടറി – (2019–2021)

www.malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH

# DIOCESE OF MUVATTUPUZHA



## ആശംസകൾ

യേശുവിൽ പ്രിയരെ,


മഹത്വകരമായ ഉയിർപ്പ് തിരുന്നാളിന്റെ അനുഗ്രഹീതമായ കാലഘട്ടത്തിലാണല്ലോ നാമെല്ലാവരും. ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാനുള്ള യേശുനാഥന്റെ ആഹ്വാനം ഓരോ ക്രൈസ്തവന്റെയും ഉത്തരവാദിത്വമാണ്. യേശുവിനെ ജീവിതത്തിൽ പകർത്താനും മറ്റുള്ളവർക്ക് പകർന്ന് കൊടുക്കാനും അത്മായ സഹോദരങ്ങൾ പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു. ഈ വിളിയിൽ ഉത്സാഹത്തോടെ പ്രവർത്തിക്കുന്ന എല്ലാ അല്മായ സഹോദരങ്ങളെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. യേശുവിന്റെ കരം പിടിച്ച് ലോകത്തിലായിരിക്കുക, സുവിശേഷ സാക്ഷ്യത്തിന്റെ വെളിച്ചം പകരുക എന്നതാണ് അല്മായരുടെ പ്രത്യേക ദൗത്യം. സ്വന്തം ഇടവകയോടും ഭദ്രാസനത്തോടും ചേർന്നും, പ്രേഷിതദൗത്യം നിർവ്വഹിക്കുവാൻ അല്മായർ പ്രാപ്തരാകണം എന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. ഇടവകയുടെ എല്ലാ പ്രേഷിത പ്രവർത്തനങ്ങളിലും സഹകരിക്കുവാനും വൈദികർക്ക് ചെന്നെത്താൻ കഴിയാത്ത മേഖലകളിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാനും അത്മായർക്ക് സാധിക്കണം. അങ്ങനെ ഊർജസ്വലതയോടെ ദൈവരാജ്യ ശുശ്രൂഷയ്ക്കായി തങ്ങളെ തന്നെ സമർപ്പിക്കുകയും വിശുദ്ധ സഭയിൽ തങ്ങളുടെ വിളിയും ദൗത്യവും മനസ്സിലാക്കുന്നതിനും വിലമതിക്കുന്നതിനും എം സി എ യുടെ രജതജൂബിലി വർഷം നമ്മെ പ്രാപ്തരാക്കട്ടെ. കഴിഞ്ഞ നാളുകളിൽ മൂവാറ്റുപുഴ ഭദ്രാസനത്തിൽ അത്മായ പ്രേഷിത രംഗങ്ങളിൽ വിവിധ മേഖലകളിൽ പ്രവർത്തിച്ച് വരുന്ന നേതൃനിരയെ പ്രത്യേകം അഭിനന്ദിക്കുന്നു. വരും വർഷങ്ങളിൽ അത്മായ പ്രസ്ഥാനത്തെ നയിക്കുവാനും പുനരൈക്യ പ്രസ്ഥാനത്തിന്റെ ശ്രേയസിനും പുരോഗതിക്കുമായി പ്രവർത്തിക്കാൻ ആദർശധീരരും കർമ്മയോഗികളുമായ ഒരു നേതൃനിര ഉണ്ടാകട്ടെ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയും ആയതിലേക്ക് പരി. കന്യകമറിയവും എം സി എ യുടെ സ്വർഗ്ഗീയ മധ്യസ്ഥനുമായ വി. യൗസേപ്പിതാവും നമ്മെ സഹായിക്കട്ടെ.

**മോൺ. ചെറിയാൻ ചെന്നിക്കര**

വികാരി ജനറാൾ & എം.സി.എ. വൈദികോപദേഷ്ടാവ്

www.malankaralibrary.com

**MALANKARA CATHOLIC ASSOCIATION (MCA)**
**(The Laity Organisation Of Syro Malankara Catholic Church)**
Central Office; Catholicate Centre, Pattom, Thirvanathapuram - 695004
Email : malankaracatholicassociation17@gmail.com



# ആശംസകൾ

പ്രിയരെ,

മലങ്കര കാത്തലിക് അസോസിയേഷൻ സഭാതലത്തിൽ രൂപീകൃതമായതിന്റെ രജത ജൂബിലി സമാപനാഘോഷത്തോടനുബന്ധിച്ച് എം.സി.എ. മൂവാറ്റുപുഴ രൂപത ഒരു സ്മരണിക പ്രകാശനം ചെയ്യുന്നതിൽ അഭിമാനവും സന്തോഷവുമുണ്ട്. എം.സി.എ. പ്രസ്ഥാനത്തെ സഭയിലെ എല്ലാ തലങ്ങളിലും വളർത്തി വലുതാക്കുവാൻ ത്യാഗപൂർവ്വം സമർപ്പണം ചെയ്ത നമ്മുടെ പിതാക്കന്മാരേയും വൈദീകരേയും സന്യസ്തരേയും അൽമായ നേതാക്കളെയും നന്ദിപൂർവ്വം ഓർക്കുകയും ദൈവതിരുമുൻപാകെ സമർപ്പിക്കുകയുമാണ്. എം.സി.എ. യുടെ ഭരണഘടന വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നമുക്ക് നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട് എം സി എ യും സഭയും നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്തു കൊണ്ട് പ്രസ്ഥാനത്തെ നയിക്കുവാൻ പുത്തൻ നേതൃത്വത്തിനു കഴിയട്ടെ എന്നാണ് പ്രാർത്ഥന. ദൈവത്തിന്റെ അനന്തമായ സ്നേഹം ആവോളം നുകരുവാൻ നമ്മുടെ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട് എല്ലാ മേഖലകളിലും വളർച്ചയുടെ പടവുകൾ നാം കയറിയിട്ടുണ്ട്. സഭയുടെ നേട്ടങ്ങൾ ഏവർക്കും അനുഭവവേദ്യമാകാൻ നമുക്കു കഴിയണം. നമ്മുടെ സഭ നവതിയിലേയ്ക്ക് പ്രവേശിച്ചു കഴിഞ്ഞു. നൂറാം വർഷത്തെ ലക്ഷ്യബോധത്തോടെ വരവേൽക്കാം. സർവ്വ മേഖലകളിലും വികാസം പ്രാപിച്ച അൽമായരേയും സഭയേയും നാം സ്വപ്നം കാണുന്നു. മുവാറ്റുപുഴ രൂപതക്കും എം.സി.എ.യ്ക്കും നൽകിയ നേതൃത്വത്തെ നന്ദിയോടെ ഓർക്കുന്നു. അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് പിതാവിന്റെ മഹനീയ നേതൃത്വത്തെ നന്ദിയോടെ ഓർക്കുന്നു. വന്ദ്യ മോൺ. റൈറ്റ്. റവ. ചെറിയാൻ ചെന്നിക്കര , പ്രസിഡന്റ് ശ്രീ. വി.സി ജോർജുകുട്ടി, ശ്രീ. ഷിബു പനച്ചിക്കൽ , മറ്റ് എല്ലാ ഭാരവാഹികളെയും അഭിനന്ദിക്കുന്നു. ജൂബിലി മംഗളങ്ങൾ ഏവർക്കും നേരുന്നു.

**വി.പി. മത്തായി**
എം.സി.എ. സഭാതല പ്രസിഡന്റ്

www.malankaralibrary.com

# ഉള്ളടക്കം


സന്ദേശം .......... 04

ആശംസകൾ .......... 07

എഡിറ്റോറിയൽ .......... 09

ലേഖനം .......... 11

എം.സി.എ മൂവാറ്റുപുഴ രൂപതയിൽ .......... 15

വാർഷിക റിപ്പോർട്ട് .......... 19

അഡ്രസ് ലിസ്റ്റ് .......... 37



**എഡിറ്റോറിയൽ ബോർഡ്**

വെരി റവ മോൺ. ചെറിയാൻ ചെന്നിക്കര

വി. സി. ജോർജ്ജ്കുട്ടി


ഷിബു പനിച്ചിയ്ക്കൽ

എൻ.റ്റി. ജേക്കബ്ബ്

ഫിലിപ്പ് കടവിൽ

ദാനിയേൽ തോമസ്

മേരി കുര്യൻ

# എഡിറ്റോറിയൽ

മലങ്കര കത്തോലിക്കാ സഭയുടെ അല്മായ പ്രസ്ഥാനമായ മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി..എ) സഭാതലത്തിൽ രൂപീകൃതമായതിന്റെ രജത ജൂബിലി ആഘോഷത്തിന്റെ നിറവിൽ പ്രശോഭിച്ച് നില്ക്കുന്ന  കാലഘട്ടത്തിലൂടെ കടന്ന് പോകുകയാണ്. ഈ ഇരുപത്തിയഞ്ച് വർഷം ഒരു പ്രസ്ഥാനത്തെ വളർത്തിയെടുക്കുന്നതിൽ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത നിരവധി അല്മായ സഹോദരങ്ങൾ നമ്മുക്ക് ഉണ്ട്. മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിതമുഖം ദർശിക്കുവാൻ എം സി എ പ്രവർത്തനങ്ങളെ നോക്കി കണ്ടാൽ മതി. 2003  ൽ സ്ഥാപിതമായ മൂവാറ്റുപുഴ രൂപതയുടെ വളർച്ചയ്ക്ക് നിസ്തുലമായ നേതൃത്വവും പിന്തുണയും നല്കുവാൻ എം സി എ യുടെ മൂവാറ്റുപുഴ രൂപതാ നേതൃത്വത്തിന് സാധിച്ചിട്ടുണ്ട്. ആത്മീയ വളർച്ചയിലൂടെ സഭയോട് ചേർന്ന് നിന്ന് പ്രവർത്തിക്കുമ്പോൾ അത് എം സി എ യുടെ വളർച്ചയ്ക്കും കാരണമായി തീരുന്നു

വളരെയധികം അഭിമാനത്തോടെയാണ് ഈ വാർഷിക സമ്മേളനത്തിൽ നാം കൂടിചേരുന്നത്. ഈ പ്രസ്ഥാനത്തെ ഹൃദയത്തോട് ചേർത്ത് നിർത്തി വളർത്തുന്നവർ.......

ശക്തമായ പിന്തുണ നല്കി നമ്മളെ നയിക്കുന്ന രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡഷ്യസ് തിരുമേനി......

പിതൃ വാത്സല്യത്തോട് ഞങ്ങളെ നയിച്ച്  പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന അഭിവന്ദ്യ യൂലിയോസ് പിതാവ്......

പിതാവിന് ജൂബിലി മംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു

ആത്മീയ ഉപദേഷ്ടാവായ ബഹുമാനപ്പെട്ട ചെറിയാൻ ചെന്നിക്കരയച്ചൻ......

താങ്ങും തണലുമായി നില്ക്കുന്ന വൈദികശ്രേഷ്ഠർ......
ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്....... മുൻ ഭാരവാഹികൾ....
പ്രിയപ്പെട്ട അല്മായ സഹോദരങ്ങൾ............
ഏവർക്കും നന്ദി.........

ദൈവാഭിമുഖ്യത്തിന്റെ ഉൾക്കരുത്തിൽ സമൂഹത്തിൽ സഭയുടെ കാവലാളായി തീരുവാനുള്ള അല്മായരുടെ വിളിയും ദൗത്യവും നമുക്ക് ഏറ്റെടുക്കാം. ഹൃദയത്തിൽ അഗ്നിയും കർമ്മകുശലതയുടെ നൈപുണ്യവും ഒത്തുചേർന്ന് സാമൂഹ്യാനുഭവത്തിന്റെ പുത്തൻപാതയിലേക്ക് നമുക്ക് മുന്നേറാം.......
ഈ സ്മരണിക തയ്യാറാക്കുവാൻ സഹായിച്ച ഏവർക്കും നന്ദി.



*Printed at Grace Graphics, Kolenchery. | Published by President, MCA Muvattupuzha Diocese.*
*on 14-04-2021. For Private Circulation only*

www.malankaralibrary.com

## മേഖല വൈദീകോപദേഷ്ടാക്കൾ



റവ. ഫാ. ജോർജ്ജ് കയ്യാനിക്കൽ
പിറവം മേഖല



റവ. ഫാ. വിൽസൻ വേലിക്കകത്ത്
പീച്ചി മേഖല



റവ. ഫാ. ജോസ് കുറ്റിക്കേരിൽ
മൂവാറ്റുപുഴ മേഖല



റവ. ഫാ. ജോണി ചെരിക്കായത്ത്
കുന്നകുളം മേഖല



റവ. ഫാ. മോൻസൻ കുര്യാക്കോസ് ഓ.ഐ.സി
കരിമ്പ മേഖല

## മേഖല പ്രസിഡന്റുമാർ




ഷിബു സി.ബി
പിറവം മേഖല



സ്ക്കറിയ ഡി.
പീച്ചി മേഖല



കെ.ഡി. അപ്പച്ചൻ
മൂവാറ്റുപുഴ മേഖല



സണ്ണി വേലംമ്പിള്ളിൽ
കുന്നകുളം മേഖല



തോമസ് ഫ്രാൻസിസ്
കരിമ്പ മേഖല

## മേഖല സെക്രട്ടറിമാർ



എബിഷ് കൂരാപ്പിള്ളിൽ
പിറവം മേഖല



സാലി ജേക്കബ്ബ്
പീച്ചി മേഖല



സജി പീറ്റർ
മൂവാറ്റുപുഴ മേഖല



റെജി കെ. സി.
കുന്നകുളം മേഖല




സജീവ് ജോർജ്ജ്
കരിമ്പ മേഖല

www.malankaralibrary.com



# മൂവാറ്റുപുഴ പ്രദേശങ്ങളിലെ പുനരൈക്യത്തിന് നേതൃത്വം നല്കിയ അല്മായ സഹോദരങ്ങൾ



ഫാ. ഡോ. മത്തായി കടവിൽ ഒ.ഐ.സി
(സുപ്പീരിയർ ജനറൽ ബഥനി സന്യാസ സമൂഹം)

വടക്കൻ പ്രദേശത്തെ പുനരൈക്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ വൈദികരെക്കുറിച്ച് ഒരു ലേഖനം ഞാൻ അടുത്ത കാലത്ത് പ്രസിദ്ധീകരിക്കുകയുായി (പവിത്രം ഈ പാദമുദ്രകൾ – ഐസക് മാർ യൂഹാനോൻ അനുസ്മരണ – നവതി സ്മരണിക, എഡിറ്റർ ഫാ. ചെറിയാൻ താഴമൺ (2020) 165–184) ഇതിന്റെ തുടർച്ചയെന്ന നിലയിൽ മൂവാറ്റുപുഴ പ്രദേശത്തെ പുനരൈക്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച ഏതാനും അല്മായരെ പരിചയപ്പെടുത്താനുള്ള ശ്രമഫലമാണ് ഈ കുറിപ്പ്. പുനരൈക്യ പരിശ്രമങ്ങളിലുള്ള അല്മായരുടെ പങ്കാളിത്തം പ്രധാനമായും നാല് വിധത്തിലാണ്. ഒന്നാമത്തേത്, കത്തോലിക്കാ വിശ്വാസത്തിന്റെ സവിശേഷതകൾ അറിഞ്ഞ് ബോധ്യം വന്നിട്ടുള്ളവർ വിശ്വാസം സ്വീകരിച്ച് നടത്തുന്ന പുനരൈക്യ പരിശ്രമങ്ങൾ. രണ്ടാമത്തേത്, വൈദികരുടെ നേതൃത്വത്തിൽ നടക്കുന്ന പുനരൈക്യ പരിശ്രമങ്ങളോടു ചേർന്ന് പ്രവർത്തിച്ചിട്ടുള്ള അല്മായ നേതാക്കൾ. മൂന്നാമത്തേത്, കത്തോലിക്കാ വിശ്വാസം സ്വീകരിച്ചതിനു ശേഷം പുതിയ സ്ഥലങ്ങളിലേക്ക് താമസം മാറുമ്പോൾ അവിടെ തങ്ങളുടെ കൂട്ടായ്മ വേണമെന്ന് ആഗ്രഹിച്ച് അതിനു നേതൃത്വം നൽകുന്നവർ. നാലാമത്തേത്, ഒരു പ്രദേശത്തെ ഇടവകയിൽ ആരാധനാ സംബന്ധമായോ, നേതൃത്വപരമായോ ബുദ്ധിമുട്ടനുഭവപ്പെടുന്നവർ വഴക്കുകളില്ലാത്ത ഒരിടം തേടി കത്തോലിക്കാ സഭയോട് പുനരൈക്യപ്പെട്ടവർ. ഈ നാല് വിഭാഗത്തിലുംപെട്ട ധാരാളം അല്മായ നേതാക്കളുടെ പരിശ്രമത്തിന്റെ കൂടെ ഫലമാണ് മൂവാറ്റുപുഴ പ്രദേശത്തെ പുനരൈക്യ ശുശ്രൂഷയുടെ വിജയം. അവരിൽ ഏതാനും ചിലരെ മാത്രമാണ് ഇവിടെ പരിചയപ്പെടുത്തുന്നത്.

## ശ്രീ. എം. എം. വർക്കി

മലങ്കര സഭയിലേക്ക് പുനരൈക്യപ്പെട്ട അല്മായ നേതാക്കളിൽ പ്രമുഖസ്ഥാനം അലങ്കരിക്കുന്ന ഒരു വ്യക്തിയാണ് ശ്രീ എം. എം. വർക്കി. മലങ്കര കത്തോലിക്കാ സഭയുടെ പുനരൈക്യ ശുശ്രൂഷയിൽ ബൗദ്ധിക നേതൃത്വം നൽകിയവരിൽ ഒരാളായ ശ്രീ.എം.എം. വർക്കി ജന്മംകൊണ്ട് തൃപ്പൂണിത്തുറ സ്വദേശിയാണെങ്കിലും കർമ്മംകൊണ്ട് സഭയുടെ മുഖ്യധാര ശുശ്രൂഷയിലായിരുന്നു. 1899–ൽ തൃപ്പൂണിത്തുറയിൽ മൂക്കഞ്ചേരിൽ പൈലി മാത്യുവിന്റെയും സാറാമ്മയുടെയും മകനായി ജനിച്ചു. പ്രാഥമിക പഠനത്തിനുശേഷം ജേർണലിസവും ഫോട്ടോഗ്രാഫിയും പഠിക്കുന്നതിനായി അദ്ദേഹം ബാംഗ്ലൂർക്ക് പോയി. ബാംഗ്ലൂരിലെ പഠനകാലത്ത് അവിടെ പടർന്നുപിടിച്ച പ്ലേഗ് ബാധിതരുടെയിടയിൽ ശുശ്രൂഷ ചെയ്തിരുന്ന ഫ്രഞ്ചുകാരനായ ഫാ. ടബാർഡുമായുള്ള ബന്ധമാണ് കത്തോലിക്കാസഭയെക്കുറിച്ച് അറിയുന്നതിനും പഠിക്കുന്നതിനും കാരണമായത്. കേരളസഭയിൽ ബാവാകക്ഷിയും മെത്രാൻകക്ഷിയും തമ്മിലുള്ള കലഹത്തെക്കുറിച്ചറിഞ്ഞിരുന്ന ടബാർഡച്ചൻ ധാരാളം പുസ്തകങ്ങൾ വായിക്കുന്നതിനായി എം.എം.വർക്കിക്ക് നല്കിയിരുന്നു. കത്തോലിക്കാ സഭയിലെ വിശുദ്ധരെക്കുറിച്ചും, പ്രോട്ടസ്റ്റന്റ് സഭകളിൽ നിന്നും കത്തോലിക്കാ വിശ്വാസം സ്വീകരിച്ചിട്ടുള്ളവരെക്കുറിച്ചുമുള്ള പുസ്തകങ്ങളോടൊപ്പം കർദ്ദിനാൾ ഗിബ്ബൺസ്

www.malankaralibrary.com


രചിച്ച Faith of our Fathers, Our Christian Heritage തുടങ്ങിയ പുസ്തകങ്ങൾ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു. പഠനം കഴിഞ്ഞ് തിരിച്ചെത്തിയ അദ്ദേഹം കോട്ടയം കേന്ദ്രമാക്കി പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവന്നു. അദ്ദേഹത്തിന്റെ പിതാമഹന്റെ സഹോദരൻ മുക്കഞ്ചേരി ഗീവർഗ്ഗീസ് റമ്പാൻ മുതൽ വളരെപ്പേർ പൗരോഹിത്യവൃത്തിയിൽ ഏർപ്പെട്ടിരുന്നു. ഇവരുടെയെല്ലാം എതിർപ്പുകളെ അവഗണിച്ചുകൊണ്ട് 1922 സെപ്റ്റംബർ 9–ാം തീയതി കോട്ടയത്തുള്ള സി.എം.ഐ. ആശ്രമത്തിൽവച്ച് അദ്ദേഹം കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. കത്തോലിക്കാ സഭയുടെ വിശ്വാസത്തെയും ജീവിതത്തെയും കുറിച്ചുള്ള ആഴമായ പഠനമാണ് പുനരൈക്യത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ ബഥനി പ്രസ്ഥാനം ആരംഭിച്ചപ്പോൾ മുതൽ ബഥനിയുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം വീക്ഷിച്ച ശ്രീ. എം. എം. വർക്കി, പിതാവിന്റെ പുനരൈക്യ പരിശ്രമങ്ങൾക്ക് സർവ്വപിന്തുണയും നല്കി. ബഥനിമഠത്തിന്റെ പ്രഥമ മദറായിരുന്ന മദർ ശൈനോയുടെ പുനരൈക്യത്തെക്കുറിച്ച് ചെറിയ ആശങ്കകൾ ആരംഭത്തിലുണ്ടായിരുന്നു. മദർ ശൈനോയുടെ സഹോദരൻ സ്ലീബാദാസ സമൂഹത്തിന്റെ സ്ഥാപകനായ പത്രോസ് മൂക്കഞ്ചേരിയച്ചൻ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ്) മദറിനെ പുനരൈക്യപരിശ്രമങ്ങളിൽ നിന്നും പിന്തിരിപ്പിക്കുവാൻ ഏറെ പരിശ്രമിച്ചു. എന്നാൽ ഇവരുടെ പിതൃസഹോദര പുത്രനായ എം. എം. വർക്കി തുടർച്ചയായി തിരുമൂലയിൽ വരികയും മദറിന്റെ പുനരൈക്യ താല്പര്യത്തെ ഉജ്ജ്വലിപ്പിക്കുകയും ചെയ്തു.

പുനരൈക്യത്തിന്റെ ആരംഭഘട്ടത്തിൽ മലങ്കര പുനരൈക്യത്തെ വിമർശിച്ച് വിവിധ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്ന വിമർശനങ്ങൾക്ക് യുക്തമായ മറുപടി എഴുതുന്നതിൽ അദ്ദേഹം പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. പുനരൈക്യത്തെ സംബന്ധിച്ച് അദ്ദേഹം പത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ സമാഹരണമാണ് മലങ്കരസഭയുടെ എക്സ്റേ എന്ന പുസ്തകം. അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച കേരളദാസൻ (1924), ദാസൻ (1926), യുവഭാരതി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ കത്തോലിക്കാ സഭയുടെ പൊതു ആവശ്യങ്ങളോടൊപ്പം പുനരൈക്യപ്രസ്ഥാനത്തെക്കുറിച്ചും ധാരാളം എഴുതുകയുണ്ടായി. Travancore Public Services and Catholic Claims (1925), Catholic Grievences (1931) തുടങ്ങിയ പ്രബന്ധങ്ങൾ കത്തോലിക്കർക്ക് സർക്കാർ തലങ്ങളിൽ ജോലി ലഭിക്കുന്നതിന് കാരണമായി.

പുനരൈക്യപ്രസ്ഥാനത്തിന് ദാർശനീകമായി അദ്ദേഹം നല്കിയ നേതൃത്വം സഭയുടെ വളർച്ചയിൽ നിർണ്ണായകമായിരുന്നു. മദർ ശൈനോയുടെ പുനരൈക്യത്തോടൊപ്പം, മദർ ശൈനോയുടെ സഹോദരി പുത്രനായ രാമനാട്ടച്ചനും കുടുംബവും മാത്രമാണ് മുക്കഞ്ചേരിൽ കുടുംബത്തിൽ നിന്നും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടത്. വടക്കൻ പ്രദേശത്ത് പുതിയ ഇടവകകൾ സ്ഥാപിക്കുന്നതിൽ അദ്ദേഹം കാര്യമായ സ്വാധീനം ചെലുത്തിയിരുന്നില്ല. അവിവാഹിതനായ ശ്രീ.എം.എം. വർക്കി തിരുവല്ലാ രൂപതയുടെ വൈദിക മന്ദിരത്തിലാണ് (Clergy Home) തന്റെ വാർദ്ധക്യകാലം ചിലവഴിച്ചത്. ഇത് അദ്ദേഹത്തിന്റെ സഭാശുശ്രൂഷയ്ക്ക് ലഭിച്ച വലിയ അംഗീകാരമായിരുന്നു. മരണശേഷം സീറോ മലബാർ സഭയുടെ തൃപ്പൂണിത്തുറ ഫെറോന ഇടവകയിലാണ് സംസ്കരിക്കപ്പെട്ടത്.

## പുനരൈക്യപ്രേഷിത ശുശ്രൂഷയിലെ സഹകാരികൾ

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിലുള്ള പുനരൈക്യത്തിനുമുമ്പുതന്നെ സീറോ മലബാർ സഭയിലെ നാലുവികാരിയേറ്റുകൾക്കും

www.malankaralibrary.com



പുനരൈക്യപ്പെടുന്നവരെ സ്വീകരിക്കുന്നതിനുമുള്ള അനുവാദം ലഭിച്ചിരുന്നു. എറണാകുളം അതിരൂപതയിൽ ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിരുന്നത് ബഹു. ജോസഫ് മേനാച്ചേരിയച്ചനായിരുന്നു. മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യത്തോടെ എറണാകുളത്തെ പ്രവർത്തനങ്ങൾ തിരുവല്ലാ രൂപതയുടെ പ്രവർത്തനങ്ങളോട് ചേർക്കുകയുണ്ടായി. ജോസഫ് മേനാച്ചേരിയച്ചൻ എറണാകുളം രൂപതാംഗമായി നിന്നുകൊണ്ടുതന്നെ തിരുവല്ലാ രൂപതയുടെ വടക്കൻ പ്രദേശങ്ങളിലെ വേദപ്രചാര ഡയറക്ടറായി നിയമിതനായി. അച്ചന്റെ പുനരൈക്യ ശുശ്രൂഷയിൽ അച്ചനെ സഹായിക്കുവനായി തോമസ് പടിഞ്ഞാറേക്കൂറ്റ്, തോമസ് പുത്തൻപുരയ്ക്കൽ എന്നിവരെ ഉപദേശിമാരായി നിയമിച്ചു. (കോട്ടയം സ്വദേശിയായ പാറയ്ക്കൽ കുര്യന്റെ മകൻ തോമസ് ചെങ്ങരൂർ ഇടവകയിലെ പടിഞ്ഞാറേക്കൂറ്റിൽ നിന്നും വിവാഹം ചെയ്ത് അവിടെ സ്ഥിരതാമസമാക്കി. ഇദ്ദേഹത്തിന്റെ മകനാണ് പരേതനായ ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ്. കല്ലൂപ്പാറ സ്വദേശിയായ പുത്തൻപുരയ്ക്കൽ തോമസ് വാഴപ്പള്ളിയിൽ വന്ന് വിവാഹം കഴിച്ച് ഇവിടെ സ്ഥിരതാമസമാക്കിയ വ്യക്തിയാണ്). മൂവാറ്റുപുഴ, അഞ്ചൽപെട്ടി, കുന്നക്കുരുടി തുടങ്ങിയ ഇടവകകളുടെ സ്ഥാപനങ്ങളിൽ മേനാച്ചേരിയച്ചനോടൊപ്പം ഈ ഉപദേശിമാർ ചെയ്ത നിസ്വാർത്ഥമായ സേവനങ്ങൾ വിലമതിക്കപ്പെടേണ്ടതാണ്.

ക്നാനായക്കാരുടെയിടയിൽ നടന്ന പുനരൈക്യശ്രമങ്ങളുടെ ഭാഗമായി 1921 സെപ്റ്റംബർ 30-ാം തീയതി രാമമംഗലം സ്വദേശി തുരുത്തേൽ ശ്രീ കോര ചാണ്ടി പുനരൈക്യപ്പെട്ട് കോട്ടയം രൂപതയിൽ അംഗത്വം സ്വീകരിച്ചു (ഇദ്ദേഹത്തിന്റെ മകനാണ് ഫാ. മാത്യൂസ് തുരുത്തേൽ ഒ.ഐ.സി). പുനരൈക്യത്തെ തുടർന്ന് കോട്ടയം രൂപതയുടെ കീഴിലുള്ള പിറവം പള്ളിയിലെ ഇടവകാംഗമായി പ്രവർത്തിച്ച ശ്രീ. കോര ചാണ്ടി രാമമംഗലം പ്രദേശത്ത് ക്നാനായക്കാരുടെയിടയിലുള്ള പുനരൈക്യ പ്രവർത്തനത്തിനായി പ്രവർത്തിച്ചു. 1929 ഏപ്രിൽ മാസത്തിൽ ചേലോടത്തിൽ ഔസേപ്പും, ഭാര്യ മറിയവും സഹോദരൻ യോഹന്നാനും കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. താമസിയാതെ കുര്യാക്കോസ് തറേപ്പട്ടയ്ക്കലച്ചനും, അച്ചന്റെ സഹോദരപുത്രൻ തറേപ്പട്ടയ്ക്കൽ കുര്യാക്കോസ് ശെമ്മാശനും അവരോടൊപ്പം 20 ക്നാനായ കുടുംബങ്ങളും കത്തോലിക്കാ സഭയിൽ ചേർന്നു. ഇതിൽ ശെമ്മാശനൊഴികെ എല്ലാവരും തിരുവല്ലാ രൂപതയിൽ അംഗത്വം സ്വീകരിക്കുകയും പുതൃക്ക കേന്ദ്രമായി പുതിയ ഇടവക ആരംഭിക്കുകയും ചെയ്തു. കോട്ടയം രൂപതാംഗമായി പുനരൈക്യപ്പെട്ട ശ്രീ. കോര ചാണ്ടിയും, ശ്രീ. ഔസേപ്പും സഹോദരൻ യോഹന്നാനും കോട്ടയം രൂപതയിലെ ചൂളപ്പറമ്പിൽ പിതാവിന്റെ അനുമതിയോടെ പൂതൃക്ക ഇടവകയിൽ ചേർന്ന് പ്രവർത്തിച്ചു.

## കുടിയേറ്റ മേഖലയിലെ അല്മായ പ്രേഷിതർ

മൂവാറ്റുപുഴ പ്രദേശത്ത് നിന്നും കുന്നംകുളം പ്രദേശത്തേക്ക് കുടിയേറിയവർ മലങ്കര കത്തോലിക്കാ ഇടവകകൾ സ്ഥാപിക്കുന്നതിൽ പ്രത്യേകം താല്പര്യം കാണിക്കുകയുണ്ടായി. തമ്മാനിമറ്റം ഇടവകയിൽ നിന്നും ചേലക്കര, മാന്ദമംഗലം പ്രദേശങ്ങളിലേക്ക് കുടിയേറിയവർ ഇതിനുദാഹരണമാണ്. 1936 – ൽ തമ്മാനിമറ്റത്ത് പുനരൈക്യപ്രസ്ഥാനം ആരംഭിച്ച കാലയളവിൽ അതിന് നേതൃത്വം വഹിച്ചവരായിരുന്നു പീറ്റർ കോച്ചേരിയിൽ അച്ചന്റെ പിതാവ് ശ്രീ. കുഞ്ഞിപാത്തുവും, ഐസക് കോച്ചേരിയിൽ അച്ചന്റ പിതാവ് ശ്രീ. കെ. ഇ. പൈലിയും. ശ്രീ. കെ. ഇ. പൈലി ഏകദേശം പത്തുവർഷക്കാലം തോമ്പ്രയച്ചന്റെ

www.malankaralibrary.com



കൂടെ സുവിശേഷ പ്രഘോഷണദൗത്യത്തിൽ പങ്കുചേർന്നു. അച്ചന്റെ പ്രസംഗങ്ങൾ ഏറ്റ് പറയുകയും പ്രസംഗത്തിന് സഹായകമായ Catholic Encyclopedia പോലെയുള്ള പുസ്തകങ്ങൾ പ്രസംഗ സ്ഥലങ്ങളിൽ എത്തിക്കുകയും ചെയ്യുന്ന ഉത്തരവാദിത്തമാണ് അദ്ദേഹം നിർവ്വഹിച്ചത്. വിവാഹത്തെ തുടർന്ന് ചേലക്കര പ്രദേശത്തേക്ക് കുടിയേറിയ ശ്രീ. പൈലിയും അദ്ദേഹത്തിന്റെ പത്നി കുടുംബമായ പുതുമനക്കാരുടെയും നേതൃത്വത്തിൽ തോമ്പ്രയച്ചന്റെ സഹായത്തോടെ ചേലക്കരയിൽ മലങ്കര കത്തോലിക്കാസഭയുടെ പുതിയ ഇടവക സ്ഥാപിക്കുവാൻ ഇവർ നേതൃത്വം നല്കി.

പാലക്കുഴിയിൽ നിന്നും മാന്ദമംഗലത്തേക്ക് കുടിയേറിയ ശ്രീ. കുന്നുംപുറത്ത് ചാക്കോ (വർഗ്ഗീസ് കുന്നംപുറം അച്ചന്റെയും, സി. ദീപ എസ്.ഐ.സി.യുടെയും പിതാവ്) യും കുടുംബവും ഈ പ്രദേശത്ത് മലങ്കര കത്തോലിക്കാ ഇടവക സ്ഥാപിക്കുന്നതിന് നേതൃത്വം നല്കി. ശ്രീ. ചാക്കോയുടെ പ്രിയ പത്നി ശോശാമ്മ തമ്മാനിമറ്റം ഇടവകയിലെ ചിറമ്പാട്ട് ശ്രീ. പീലിയുടെ മകൾ ആയിരുന്നു. ഒരിടവക സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോൾ തമ്മാനിമറ്റം ഇടവകയാരംഭിച്ച തോമ്പ്രയച്ചനെ പെരുമ്പാവൂരിൽ പോയി കാണുന്നതിനും ഇടവക സ്ഥാപിക്കുന്നതിനുമുള്ള പ്രചോദനം നല്കിയത് ശ്രീമതി ശോശാമ്മ ആയിരുന്നു.

## <u>വെട്ടിക്കൽ ഇടവകയുടെ സ്ഥാനം</u>

ഓർത്തഡോക്സ് സുറിയാനി സഭയിലെ ചില ഇടവകകളിലെ അജപാലന ശുശ്രൂഷ നീതിപൂർവ്വകം നടക്കാത്ത സാഹചര്യങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചിട്ടയായ ജീവിതക്രമത്തിൽ ആകർഷിക്കപ്പെട്ട് തുടങ്ങിയ ഇടവകകളും നമ്മുടെ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. വെട്ടിക്കൽ ഇടവകയുടെ രൂപീകരണം ഈ ഗണത്തിൽപ്പെടുന്നതാണ്. 1970-ൽ വെട്ടിക്കലെ ഓർത്തഡോക്സ് സുറിയാനി ഇടവകയിലുായ ചില തർക്കങ്ങളുടെ പശ്ചാത്തലത്തിൽ തങ്ങൾ അംഗങ്ങളായിട്ടുള്ള ഇടവകയിൽ നിന്നു പിരിയേണ്ട ഒരു സാഹചര്യമുണ്ടായിരുന്നു. ഇവർ ആരംഭത്തിൽ എറണാകുളം രൂപതയിലും അവരുടെ നിർദ്ദേശപ്രകാരം തിരുവല്ല രൂപതയിലും ബന്ധപ്പെട്ടു. ഇക്കാലയളവിൽ സമീപ ഇടവകകളായ പൂതൃക്ക, തമ്മാനിമറ്റം പ്രദേശത്തെ മലങ്കര കത്തോലിക്കാ ഇടവകകൾ സന്ദർശിക്കുകയും കത്തോലിക്കാ സഭയിൽ തങ്ങളുടെ തന്നെ ആരാധനക്രമം പാലിക്കുവാനുള്ള സൗകര്യമുണ്ടെന്ന് തിരിച്ചറിഞ്ഞ് അവർ കത്തോലിക്കാസഭയിൽ ചേർന്നു. ബാർ ഈത്തോ ശാറീറോ സ്ഥാനം ലഭിച്ച ശ്രീ. കെ ജെ പീറ്റർ കീയ്യാലിൽ, ശ്രീ. കുര്യാക്കോസ് കറുത്തേടത്ത്, ശ്രീ. കുര്യൻ അയിരുകുഴിൽ, പോട്ടയ്ക്കാട്ടിൽ കുടുംബം തുടങ്ങിയ 15 കുടുംബങ്ങളിൽപ്പെട്ടവരാണ് ഇവിടെ ഇടവക ചേർന്നത്. വെട്ടിയ്ക്കലെ പ്രഥമവികാരി ഫാ. ജെറോം ആവശ്യമായ പിന്തുണ നല്കിയെങ്കിലും ഇത് പൂർണ്ണമായും ഒരു അല്മായ മുന്നേറ്റമായിരുന്നു. വിവിധ ഇടവകകളുടെ രൂപീകരണത്തിൽ ശ്രദ്ധേയമായി ഇടപെട്ട അനേകം അല്മായർ ഈ പ്രദേശത്തുണ്ട്. അവരെക്കുറിച്ച് മറ്റൊരു ലേഖനത്തിൽ പ്രതിപാദിക്കുന്നതാണ്.

***********


ആശംസകളോടെ...

ശ്രീ. ചാക്കോ ടി വർഗീസ് & ഫാമിലി

www.malankaralibrary.com



# മലങ്കര കാത്തലിക് അസ്സോസിയേഷൻ (എം.സി.എ.) മൂവാറ്റുപുഴ രൂപതയിൽ



വി. സി. ജോർജ്ജ്കുട്ടി
(എം.സി.എ മൂവാറ്റുപുഴ രൂപത പ്രസിഡന്റ്)

മലങ്കര കത്തോലിക്കാ സഭ സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന ദൈവജനത്തിന്റെ കൂട്ടായ്മയുടെ സംഘടിത രൂപമാണ് മലങ്കര കാത്തലിക് അസ്സോസിയേഷൻ. മലങ്കര കത്തോലിക്കാ സഭയുടെ വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ളവരാണ് അല്മായർ. മലങ്കര കത്തോലിക്കാ സഭയിൽ സംഘടിതമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും കാലാനുസൃതം സഭാശുശ്രൂഷയിൽ അല്മായരെ പങ്കാളികളാക്കുവാനും ലക്ഷ്യം വച്ചുകൊണ്ട് എം.സി.എ സഭാതലത്തിൽ 1996-ൽ രൂപീകൃതമായി.

## എം.സി.എ മൂവാറ്റുപുഴ രൂപതയിൽ

അവിഭക്ത തിരുവല്ല രൂപതയുടെ ഭാഗമായിരിക്കുമ്പോൾ തന്നെ എം.സി.എ യുടെ സജീവ നേതൃത്വവും പ്രവർത്തനങ്ങളും മൂവാറ്റുപുഴ, കുന്നംകുളം മേഖലകളിലായി പരന്നു കിടന്ന രൂപതയുടെ ഇടവകകളിൽ ഉണ്ടായിരുന്നു. 2003-ൽ മൂവാറ്റുപുഴ രൂപത സ്ഥാപനത്തിനു ശേഷം ഏറെ താമസിയാതെ എം.സി.എ-യുടെ രൂപത ഘടകം പ്രവർത്തനം ആരംഭിച്ചു. രൂപതയുടെ പ്രഥമ മെത്രാപ്പോലിത്തയായിരുന്ന അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഇതിന്റെ പ്രവർത്തനങ്ങൾക്കായി റവ. ഫാ. ഐസക്ക് കോച്ചേരിയെ വൈദികോപദേഷ്ടാവായി നിയമിച്ചു. തുടർന്ന് രൂപതയിലെ 5 മേഖലകളിൽ എം.സി.എ മേഖല കമ്മറ്റികൾ രൂപീകരിച്ചു. അതിനുശേഷം 15-11-2003-ൽ പീച്ചി ദർശന പാസ്ററൽ സെന്ററിൽ വച്ച് പ്രഥമ രൂപത അംസബ്ലി സംഘടിപ്പിച്ചു. ഈ യോഗത്തിൽ വച്ച് എം.സി.എ യുടെ രൂപതതല സമിതിയെ തെരഞ്ഞെടുത്തു. ശ്രീ. കെ. ജെ. പീറ്റർ കിയ്യാലിൽ പ്രസിഡന്റായും, ശ്രീ. ജോസ് തോമസ്, ശ്രീമതി മേരി കുര്യൻ എന്നിവർ വൈസ് പ്രസിഡന്റായും ശ്രീ. കെ. എം.ഫിലിപ്പ് കടവിൽ ജന.സെക്രട്ടറിയായും ശ്രീ. ലോറൻസ് കെ.പോൾ ജോ. സെക്രട്ടറിയായും, ശ്രീ. കോശി എം.സി. ട്രഷററാർ ആയും ശ്രീ. വി.സി. ജോർജ്ജ്കുട്ടി, അഡ്വ. തോമസ് നെല്ലിമൂട്ടിൽ, അന്നമ്മ തോമസ് പൂവക്കാട്ട് എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായും തെരഞ്ഞെടുത്തു. മേഖലതല പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ട് ഇടവകയിൽ എം.സി.എ യുടെ യൂണിറ്റുകൾ സ്ഥാപിക്കുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഉദ്യോഗസ്ഥ കൂട്ടായ്മ, ബിസിനസ്സ് കൂട്ടായ്മ, രാഷ്ട്രീയ കൂട്ടായ്മ മുതലായവ സംഘടിപ്പിച്ചു. മാർ ഈവനിയോസ് അനുസ്മരണ സമ്മേളനം പിറവത്ത് വച്ച് ഇദംപ്രഥമായി സംഘടിപ്പിച്ചു. 2005-2006 വർഷകാലം ശ്രീ. എഡിസൺ ജി വർഗീസ് പ്രസിഡന്റായും ശ്രീ. ബേബി കാര്യത്ത്, ജനറൽ സെക്രട്ടറിയായുള്ള സമിതി പുനരൈക്യഘോഷവേളയിൽ അല്മായ കൺവൻഷൻ സംഘടിപ്പിച്ചു. 2007-2009 കാലഘട്ടത്തിൽ ശ്രീ. ബേബി കാര്യത്ത് പ്രസിഡന്റായും എഡിസൺ ജി വർഗീസ് ജനറൽ സെക്രട്ടറിയായും സമിതിക്ക് നേതൃത്വം നൽകി. 2009-2011, 2011-2013 കാലഘട്ടത്തിൽ ശ്രീ.കെ.എം.ഫിലിപ്പ് കടവിൽ പ്രസിഡന്റായും, ശ്രീ.വി.സി.ജോർജ്ജ്കുട്ടി ജനറൽ സെക്രട്ടറി

www.malankaralibrary.com



യുമായുള്ള സമിതി സംഘടനയ്ക്ക് നേതൃത്വം നൽകി. ഈ കാലഘട്ടത്തിൽ യൂണിറ്റുകളെ ശാക്തീകരിക്കുക എന്ന ദൗത്യവുമായി മീറ്റ് ദി യൂണിറ്റ് പരിപാടി സംഘടിപ്പിച്ചു. രൂപതയിലെ 36 കുടംബങ്ങൾക്ക് മാസംതോറും നിശ്ചിത തുക സഹായം നൽകിക്കൊണ്ട് Help a Family പദ്ധതി നടപ്പിലാക്കി. കൂടാതെ നിർദ്ധനകുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായപദ്ധതിയും നടപ്പിലാക്കി. 2013-2015 വർഷത്തിൽ ശ്രീ. കെ.റ്റി. കുര്യാക്കോസ് കറുത്തേടത്ത് പ്രസിഡന്റായും അഡ്വ. എൽദോ പൂക്കുന്നേൽ ജനറൽ സെക്രട്ടറി യായും പ്രവർത്തിച്ചു. 2015-2017 വർഷകാലം ശ്രീ. എൻ. ടി ജേക്കബ്ബ് പ്രസിഡന്റായും അഡ്വ. എൽദോ പൂക്കുന്നേൽ ജന. സെക്രട്ടറിയുമായുള്ള സമിതി സംഘടനക്ക് നേതൃത്വം നൽകി. 2017-2019 വർഷകാലം ശ്രീ. എൻ. ടി ജേക്കബ്ബ് പ്രസിഡന്റായും, ഷിബു പനച്ചിക്കൽ ജന. സെക്രട്ടറിയുമായുള്ള സമിതി പ്രവർത്തിച്ചു. തുടർന്ന് ഇപ്പോൾ 2019-2021 വർഷകാലം ശ്രീ. വി.സി. ജോർജ്ജ്കുട്ടി പ്രസിഡന്റായും ശ്രീ. ഷിബു പനച്ചിക്കൽ ജന.സെക്രട്ടറിയായുമുള്ള സമിതി പ്രവർത്തിച്ചുവരുന്നു.

ആ കാലഘട്ടത്തിൽ എം.സി.എ സഭാതലത്തിലും, കെ.സി.എഫ് തലത്തിലും വിവിധ ഭാരവാഹിത്വം ഏറ്റെടുക്കുവാൻ രൂപതയ്ക്കു കഴിഞ്ഞു. സഭാതലത്തിൽ ലോറൻസ് കെ. പോൾ ട്രഷററായും, ബേബി കാര്യാത്ത് ജനറൽ സെക്രട്ടറിയായും, ഫിലിപ്പ് കടവിൽ പ്രസിഡന്റായും പ്രവർത്തിച്ചു. വൈസ് പ്രസിഡന്റായി കെ.ജെ. പീറ്റർ കീയ്യാലിൽ, അന്നമ്മ തോമസ്, എം.എം. തോമസ്, മേരി കുര്യൻ, ഷീല അലക്സ്, ജേക്കബ്ബ് ഞാറക്കാട്ട് എന്നിവർ വിവിധ വർഷങ്ങളിൽ നേതൃത്വം നൽകി. കെ.സി.എഫ് സംസ്ഥാന വൈസ് പ്രസിഡന്റായും, കെ.സി.സി സെക്രട്ടറിയായും വി.സി ജോർജ്ജ്കുട്ടി പ്രവർത്തിച്ചു.

ഈ പ്രവർത്തന കാലഘട്ടത്തിൽ റവ.ഫാ.ഐസക്ക് കോച്ചേരി, റവ.ഫാ.ജോസ് കുറ്റിക്കേരിൽ, റവ. ഡോ. ജോസ് മരിയദാസ് ഒ.ഐ.സി, റവ.ഡോ.തോമസ് മുതലപ്ര, വന്ദ്യ ജോൺ വർഗീസ് ഈശ്വരൻകുടിയിൽ കോർ-എപ്പിസ്കോപ്പ, റവ. ഫാ. അഗസ്റ്റിൻ ഓ.ഐ.സി, റവ.ഫാ. ഷൈജു മാത്യു ഒ.ഐ.സി, റവ.ഫാ. വർഗീസ് കുന്നുംപുറത്ത് എന്നിവർ വൈദികോപദേഷ്ടാവായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ രൂപത വികാരി ജനറാൾ വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര വൈദികോപദേഷ്ടാവായി നേതൃത്വം നൽകി വരുന്നു.

മൂവാറ്റുപുഴ രൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ കൂറീലോസ് മെത്രാപ്പോലീത്ത തിരുവല്ല അതിരൂപത അധ്യക്ഷനായി നിയമിതനായതിനെത്തുടർന്ന് അഭിവന്ദ്യ ഡോ. എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത എം.സി.എയുടെ രക്ഷാധികാരിയായി സംഘടനയ്ക്ക് ആത്മീയ നേതൃത്വവും കരുത്തും നൽകി. ഇപ്പോൾ രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ സംഘടന പ്രവർത്തിക്കുന്നു.

## കർമ്മപരിപാടികൾ

### മാർ ഈവാനിയോസ് അനുസ്മരണം.

മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് എം.സി.എ യുടെ നേതൃത്വത്തിൽ പദയാത്രയും അനുസ്മരണ സമ്മേളനവും സംഘടിപ്പിച്ചു വരുന്നു. 2018 മുതൽ തിരുവനന്തപുരത്തേക്ക് തീർത്ഥാടന പദയാത്ര എം.സി.വൈ.എം-ഉം എം.സി.എ യും സംയുക്തമായി സംഘടിപ്പിച്ചുവരുന്നു.

### അല്മായ ദിനാഘോഷം:

രൂപതാതലത്തിൽ അല്മായദിനാഘോഷം വിവിധ പരിപാടികളോടെ മെയ് ആദ്യ ഞായറാഴ്ച സംഘടിപ്പിക്കുന്നു.

www.malankaralibrary.com



Help A Family Project

Help A Family പദ്ധതി പ്രകാരം രൂപതയിൽ 36 കുടുംബങ്ങൾക്ക് മാസം തോറും നിശ്ചിത തുക നൽകികൊണ്ട് സഹായിക്കുന്ന പദ്ധതിയാണിത്.

Build A Home Project:

രൂപതയിൽ നിർദ്ധന കുടുംബങ്ങൾക്ക് വർഷം തോറും ഭവന നിർമ്മാണ സഹായം നൽകി വരുന്നു.

**വിശുദ്ധ വിയാനി പുരസ്കാര സമർപ്പണം**

വിശുദ്ധ വിയാനി ദിനത്തോടനുബന്ധിച്ച് വൈദീക ദിനം ആചരിക്കുകയും രൂപതയിലെ വൈദികരെ ആദരിക്കുകയും ചെയ്യുന്നു. ഇതിനോടനുബന്ധിച്ച് വിശുദ്ധ വിയാനി പുരസ്കാരം സർപ്പിക്കുകയും ചെയ്യുന്നു.

**സാമൂഹ്യ വിഷയങ്ങളിൽ ഇടപെടൽ**

സാമൂഹ്യ മേഖലയിലെ വിഷയത്തിൽ ഇടപെടൽ നടത്തുകയും പ്രതിഷേധ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു വരുന്നു.

**കർഷകരെ ആദരിക്കൽ**

കർഷകരെ ആദരിക്കുകയും പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

**മിഷൻ പ്രവർത്തനങ്ങൾ**

മലങ്കര സഭയുടെയും അല്മായ പ്രസ്ഥാനത്തിന്റെയും തനതായ കർമ്മ മണ്ഡലവും നേതൃത്വവും മിഷൻ പ്രവർത്തന മാണല്ലോ. ഇതിനു അനുയോജ്യമായ സഹായസഹകരണങ്ങൾ മിഷൻ ഫണ്ടായും മിഷൻ സന്ദർശനമായും എല്ലാ വർഷവും നടത്തിവരുന്നു.

എം.സി.എ സഭാതലത്തിൽ രൂപീകരിച്ചതിന്റെ രജത ജൂബിലി വർഷത്തിൽ മൂവാറ്റുപുഴ രൂപത സമിതിയുടെ എല്ലാവിധ ആശംസകളും ഹൃദയപൂർവ്വം അർപ്പിക്കുന്നു.

***********

ആശംസകളോടെ...

ശ്രീ. കെ. എം. ഫിലിപ്പ് കടവിൽ & ഫാമിലി

ആശംസകളോടെ...

ശ്രീ. എൻ.റ്റി. ജേക്കബ്ബ് & ഫാമിലി

ആശംസകളോടെ...

ശ്രീ. വി.സി. ജോർജ്ജ്കുട്ടി & ഫാമിലി

ആശംസകളോടെ...

അഡ്വ എൽദോ പൂക്കുന്നേൽ & ഫാമിലി

www.malankaralibrary.com

ആശംസകളോടെ...

ശ്രീ. ഷിബു പനിച്ചിക്കൽ & ഫാമിലി

ആശംസകളോടെ...

ശ്രീ. ഉമ്മൻ ശങ്കരമംഗലം & ഫാമിലി

ആശംസകളോടെ...

ശ്രീ. സജി താണിക്കൽ & ഫാമിലി

ആശംസകളോടെ...

ശ്രീ. റ്റി. ടി. ജോർജ്ജ്കുട്ടി & ഫാമിലി

ആശംസകളോടെ...

ശ്രീമതി മേരി കുര്യൻ & ഫാമിലി

ആശംസകളോടെ...

ശ്രീമതി ഷീല അലക്സ് & ഫാമിലി

ആശംസകളോടെ...

ശ്രീ. ദാനിയേൽ തോമസ് & ഫാമിലി

ആശംസകളോടെ...

ശ്രീ. കെ. എം. ഗീവർഗീസ് & ഫാമിലി

www.malankaralibrary.com



# എം.സി.എ. മൂവാറ്റുപുഴ രൂപത
# വാർഷിക റിപ്പോർട്ട് 2019 – 2021



ഷിബു പനച്ചിക്കൽ
(ജന. സെക്രട്ടറി)

പ്രിയമുള്ളവരെ,

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ അല്മായ പ്രസ്ഥാനമായ മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ) മൂവാറ്റുപുഴ രൂപതയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വർഷം ചരിത്രത്തിന്റെ ഏടുകളിൽ ഓർമ്മകളുടെ പുസ്തകമായി മാറി. പന്ത്രണ്ടു വർഷക്കാലം രൂപതയുടെ സമഗ്ര വളർച്ചയിൽ മുന്നിൽ നിന്നു നയിച്ച അഭിവന്ദ്യ ഡോ. എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ പിൻഗാമിയായി അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണത്തിന്റെയും പുതിയ ദർശനങ്ങളുടെയും ഭൂമികയിലേക്കുള്ള കാൽവയ്പുകളുടെയും കാലം. സഭ തന്നെ കുടുംബവർഷമായി ആചരിച്ച കാലഘട്ടം. സ്നേഹത്തിന്റെയും സുവിശേഷത്തിന്റെയും ദൈവകൃപയുടെയും ഒരു വർഷം. ഒപ്പം പ്രളയത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും ഉണങ്ങാത്ത മുറിപ്പാടിന്റെ വർഷം. കോവിഡിന്റെ പിടിമുറുക്കത്താൽ ലോകം നിശ്ചലമായ കാലം. രാജ്യം പോലും ഒരു വിപരീത ക്രിയസംക്രമണത്തിന്റെ, പിറകോട്ടു നടക്കലിന്റെ, സാഹോദര്യത്തിനും സമഭാവനകൾക്കും മങ്ങലേൽപ്പിക്കുന്ന വെളിച്ചകുറവിന്റെ കാലത്തിലൂടെ സഞ്ചരിക്കുകയാണ്. കാലത്തിന് എന്തെല്ലാമോ കെട്ടുപോയിരിക്കുന്നു. സനാതന ധർമ്മങ്ങൾക്ക് ഗ്രഹണം ബാധിച്ചിരിക്കുന്നു.

ഇവിടെ ക്രൈസ്തവസാക്ഷ്യത്തിന്റെ വെളിച്ചമാകുവാൻ വിളിക്കപ്പെട്ട അല്മായരായ നാം സ്വയം പ്രകാശിക്കുകയാണ് വേണ്ടത്. നമ്മുടെ ചിന്തകളുടെ പ്രകാശം ക്രിസ്തുവാകട്ടെ......... നമ്മുടെ പ്രവർത്തനങ്ങളുടെ പ്രകാശം ക്രിസ്തുവാകട്ടെ.......... വീക്ഷണങ്ങളുടെ പ്രകാശം ക്രിസ്തുവാകട്ടെ.......... നമ്മുടെ വാക്കുകളുടെ പ്രകാശം ക്രിസ്തുവാകട്ടെ..........

സംഘടനയുടെ പ്രവർത്തന വഴികളിൽ വിളക്കായി, വാക്കുകളായി ചൂണ്ടുപലകകളായി, ചിന്തയും ഊർജ്ജവും നൽകി മുന്നോട്ടു നയിച്ച ഏവർക്കും പ്രാർത്ഥനകൾ അർപ്പിച്ചുകൊണ്ട് 2019 –21 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അറിവിനും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

## മൂവാറ്റുപുഴ രൂപത വാർഷിക അസംബ്ലി – ഫെബ്രുവരി 2

2019 ഫെബ്രുവരി 2 ന് സംഘടിപ്പിച്ച എം.സി.എ രൂപത അസംബ്ലി അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. രൂപത വികാരി ജനറാൾ മോൺ. വർഗീസ് കുന്നുംപുറം ആമുഖ പ്രഭാഷണം നടത്തി. എം.സി.എ രൂപത പ്രസിഡന്റ് എൻ.ടി ജേക്കബ്ബ് സമ്മേളനത്തിന് അദ്ധ്യക്ഷം വഹിച്ചു. രൂപത റിപ്പോർട്ട് ജനറൽ സെക്രട്ടറി ഷിബു പനിച്ചിയ്ക്കൽ അവതരിപ്പിച്ചു. തുടർന്ന് 2019–2021 വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു.

www.malankaralibrary.com



## രൂപതാ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | – | ശ്രീ. **വി.സി. ജോർജ്ജ്കുട്ടി, വെട്ടിക്കൽ** |
| വൈസ് പ്രസിഡന്റ് | – | ശ്രീമതി **ലീന സമ്പത്ത്, കിണ്ണത്തുക്കടവ്** |
| | – | ശ്രീ. **കെ. എം ഗീവർഗീസ്, പെരുമ്പാവൂർ** |
| ജനറൽ സെക്രട്ടറി | – | ശ്രീ. **ഷിബു പനച്ചിക്കൽ, ഓണക്കൂർ** |
| സെക്രട്ടറി | – | ശ്രീ. **ഉമ്മൻ ശങ്കരമംഗലം, ഒലവക്കോട്** |
| ട്രഷറാർ | – | ശ്രീ. **സജി താണിക്കൽ, പീച്ചി** |

എക്സിക്യൂട്ടീവ് അംഗങ്ങൾ

1. ശ്രീ. **എൻ.റ്റി ജേക്കബ്ബ് ഞാറക്കാട്ട്,** നീറാമുകൾ
2. ശ്രീമതി **മേരി കുര്യൻ**, കളമശ്ശേരി
3. ശ്രീ. **റ്റി.ടി. ജോർജ്ജ്കുട്ടി**, കാക്കനാട്
4. ശ്രീ. **ഫിലിപ്പ് കടവിൽ**, പൂത്തൃക്ക
5. ശ്രീമതി **ഷീല അലക്സ്,** കൊമ്പഴ
6. ശ്രീ. **ദാനിയേൽ തോമസ്,** പിറവം

എന്നിവരേയും തിരഞ്ഞെടുത്തു.

സഭാതല മാനേജിംഗ് കമ്മറ്റിയിലേക്ക് ശ്രീ. ഫിലിപ്പ് കടവിലിനെയും, ശ്രീ. എൻ.റ്റി. ജേക്കബ്ബ് ഞാറക്കാട്ടിലിനെയും, ശ്രീമതി ഷീല അലക്സിനെയും തിരഞ്ഞെടുത്തു. കൂടാതെ ഇരുപത്തിയഞ്ച് അംഗ മാനേജിംഗ് കമ്മറ്റിയെയും യോഗം തിരഞ്ഞെടുത്തു.

## 22–ാം ആഗോള അല്മായ സംഗമം

മലങ്കര കത്തോലിക്ക സഭയുടെ അല്മായ സംഗമം മൂവാറ്റുപുഴ രൂപത എം.സി.എയുടെ ആതിഥേയത്വത്തിൽ വാഴപ്പിള്ളി രൂപതാ കാര്യാലയത്തിൽ വച്ച് ഫെബ്രുവരി 2ന് നടത്തപ്പെട്ടു. സി.ബി.സി.ഐ വൈസ് പ്രസിഡന്റും അത്മായ കമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. എം.സി.എ സഭാതല പ്രസിഡന്റ് ശ്രീ. മോൻസൺ കെ. മാത്യു അദ്ധ്യക്ഷത വഹിച്ചു. ഭാഗ്യസ്മരണാർഹനായ സിറിൽ ബസ്സേലിയോസ് അനുസ്മരണ പ്രഭാഷണം പാറശാല ബിഷപ്പ് അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. "കേരള നവോത്ഥാന ചരിത്രവും പശ്ചാത്തലവും" എന്ന വിഷയത്തിൽ പ്രമുഖ ദൈവശാസ്ത്രജ്ഞനും തലശ്ശേരി അതിരൂപത സഹായമെത്രാനുമായ മാർ ഡോ. ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണം നടത്തി. കെ.എം.ആർ.എം വിദ്യാശ്രീ പുരസ്ക്കാര സമർപ്പണവും, മികച്ച അധ്യാപക അവാർഡ് ജേതാക്കളെയും ആദരിച്ചു. അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത പുരസ്ക്കാര വിതരണവും നിർവ്വഹിച്ചു. ശ്രീ. ബാബു കല്ലിങ്കൽ, ശ്രീ. ഫിലിപ്പ് കടവിൽ, ശ്രീ. വി.സി ജോർജ്ജ്കുട്ടി, ശ്രീ. എൻ.ടി ജേക്കബ്ബ്, ശ്രീ. സണ്ണി ജോർജ്ജ്, പി.കെ ജോസഫ്, ഷിബു പനച്ചിക്കൽ എന്നിവർ പ്രസംഗിച്ചു.

www.malankaralibrary.com



## ഭാരവാഹികളുടെ സത്യപ്രതിജ്ഞ – 09.02.2019 – ഓണക്കൂർ

ഓണക്കൂർ സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് ഫെബ്രുവരി 9–ാം തീയതി അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ മുമ്പാകെ എം.സി.എ രൂപത ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേറ്റു.

## സഭാതല അസംബ്ലി ഫെബ്രുവരി 16 തിരുവനന്തപുരത്ത്

തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്ന സഭാതല അസംബ്ലിയിൽ മുവാറ്റുപുഴയിൽ നിന്നും 15 പേർ പങ്കെടുത്തു. പ്രസ്തുത സമ്മേളനത്തിൽ വച്ച് മൂവാറ്റുപുഴ രൂപതയുടെ മുൻ പ്രസിഡന്റ് ശ്രീ. എൻ.റ്റി.ജേക്കബ്ബ് ഞാറക്കാട്ട് സഭാതല വൈസ്പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ.

## രൂപത കർമ്മപരിപാടികളുടെ ഉദ്ഘാടനം 2019 മേയ് 19, മുരിങ്ങൂർ

എം.സി.എ മൂവാറ്റുപുഴ രൂപതയുടെ കർമ്മപരിപാടികളുടെ ഉദ്ഘാടനവും അല്മായ ദിനാഘോഷവും മുരിങ്ങൂർ സെന്റ് തോമസ് മലങ്കര കത്തോലിക്ക പള്ളിയിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ.വി.സി.ജോർജ്ജുകുട്ടി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. വൈദികോപദേഷ്ടാവ് മോൺ: വറുഗീസ് കുന്നുംപുറം ആമുഖ സന്ദേശം നൽകി. റവ.ഫാ. ജോർജ് മാരാംകണ്ടം, ശ്രീ.എൻ.റ്റി. ജേക്കബ്ബ് ഞാറക്കാട്ട്, ശ്രീമതി മേരി കുര്യൻ, ശ്രീ. സജി താണിക്കൽ എന്നിവർ ആശംസകളർപ്പിച്ചു. സമ്മേളനത്തിന് ഷിബു പനിച്ചിക്കൽ സ്വാഗതവും മൂവാറ്റുപുഴ മേഖല പ്രസിഡന്റ് ശ്രീ. കെ.ഡി.അപ്പച്ചൻ നന്ദിയും അർപ്പിച്ചു.

## ശ്രീലങ്കൻ ജനതയ്ക്ക് ഐക്യദാർഢ്യം

ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിലുണ്ടായ തീവ്രവാദ ആക്രമണത്തിനെതിരെ മൂവാറ്റുപുഴ രൂപതയുടെ പ്രതിക്ഷേധവും ശ്രീലങ്കൻ ജനതയ്ക്കുള്ള ഐക്യദാർഢ്യവും അറിയിക്കുന്നതിനായി മൂവാറ്റുപുഴ കത്തീഡ്രൽ ദേവാലയത്തിനടുത്ത് എം.സി. റോഡിനോട് ചേർന്ന് എം.സി.എ സംഘടിപ്പിച്ച ഐക്യദാർഢ്യ സമ്മേളനം അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത ഐക്യദാർഢ്യ പ്രതിജ്ഞ ചൊല്ലി. എൽദോ എബ്രഹാം എം.എൽ.എ, ശ്രീ. ഫ്രാൻസിസ് ജോർജ്, മുൻ എം.പി., ശ്രീ ജോണി നെല്ലൂർ, മുൻ എം.എൽ.എ എന്നിവർ പങ്കെടുത്തു. രൂപതാ പ്രസിഡന്റ് ശ്രീ. വി.സി ജോർജ്കുട്ടി, ജനറൽ സെക്രട്ടറി ശ്രീ. ഷിബു പനച്ചിക്കൽ, എം.സി.വൈ.എം. പ്രസിഡന്റ് ശ്രീ. ബിച്ചു കുര്യൻ തോമസ്, സെക്രട്ടറി ശ്രീ. ഡെൻസിൽ ചെറിയാൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## വിശുദ്ധ വസ്തുക്കളെ വികലമാക്കി ചിത്രീകരിച്ചതിനെതിരെ പ്രതിക്ഷേധം

കേരള ലളിതകലാ അക്കാദമി അവാർഡിന് അർഹമായ കാർട്ടൂൺ ചിത്രം. ക്രൈസ്തവ സഭയുടെ വിശ്വാസമനുസരിച്ച് വിശുദ്ധമായി കരുതുന്ന വസ്തുക്കളെ വികലമായി ചിത്രീകരിച്ചതിനെതിരെ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പ്രതിഷേധം മൂവാറ്റുപുഴയിൽ സംഘടിപ്പിച്ചു.

www.malankaralibrary.com



പ്രതിഷേധ മീറ്റിംഗ് രൂപതാ വികാരി ജനറാൾ മോൺ. വറുഗീസ് കുന്നുംപുറം ഉദ്ഘാടനം ചെയ്തു. ശ്രീ.വി.സി.ജോർജുകുട്ടി, ശ്രീ ഫിലിപ്പ് കടവിൽ, ശ്രീ. ബിച്ചു കുര്യൻ തോമസ്, ശ്രീ. ടിനു കുര്യാക്കോസ്, ശ്രീ.ഷിബു പനിച്ചിക്കൽ, ശ്രീ. ഡെൻസിൽ ചെറിയാൻ എന്നിവർ നേതൃത്വം നൽകി.

## Light 2019

2019 മെയ് 15 മുതൽ 19 വരെ തിരുവനന്തപുരം റിന്യൂവൽ സെന്ററിൽ വച്ച് നടന്ന കുട്ടികൾക്കായുള്ള ഉന്നത പഠന സഹായ പദ്ധതിയായ Light 2019 ന് മൂവാറ്റുപുഴ രൂപതയിൽ നിന്ന് 13 കുട്ടികൾ പങ്കെടുത്തു. ഇതിൽ 5 കുട്ടികളെ തുടർ പരിശീലന പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതിന് സഹകരിച്ച എല്ലാവരേയും നന്ദി അറിയിക്കുന്നു. പ്രത്യേകിച്ച് കുന്നംകുളം മേഖല പ്രസിഡന്റ് സണ്ണി വേലംബിള്ളിൽ, കരിമ്പ മേഖല സെക്രട്ടറി സജീവ് ജോർജ്ജ്, ഫിലിപ്പ് കടവിൽ എന്നിവരോട് നന്ദി.

## Light 2020

സഭാതലത്തിൽ സംഘടിപ്പിച്ച ഉന്നത പഠന സഹായ പദ്ധതിയായ Light 2020–ഈ വർഷം ഓൺലൈനായി സംഘടിപ്പിച്ചു. മൂവാറ്റുപുഴ രൂപതയിൽ നിന്നും 20–ൽ അധികം കുട്ടികൾ വെർച്വൽ ക്ലാസിൽ പങ്കെടുത്തു.

## പരിസ്ഥിതി ദിനാചരണം

ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് എം.സി.എ മുവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ പിറവം മേഖലയുടെ സഹകരണത്തോടെ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. ഏഴക്കരനാട് ഇടവകയിൽ വച്ച് നടന്ന പരിപാടിക്ക് വികാരി ജനറാൾ മോൺ. വറുഗീസ് കുന്നുപുറം, പ്രസിഡന്റ് വി.സി.ജോർജ്ജ്കുട്ടി എന്നിവർ നേതൃത്വം നൽകി.

## മാർ ഈവാനിയോസ് അനുസ്മരണവും പദയാത്രയും

മുവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച രണ്ടാമത്തെ മാർ ഈവാനിയോസ് അനുസ്മരണ തീർത്ഥാടന പദയാത്ര ജൂലായ് 7–ാം തീയതി മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽ നിന്നും ആരംഭിച്ചു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തയുടെ ആശീർവാദത്തോടെ മൂവാറ്റുപുഴയിൽ നിന്ന് സമാരംഭിച്ച് പിറവം, പെരുവ, കോട്ടയം വഴി തിരുവല്ലയിൽ എത്തിച്ചേർന്ന പദയാത്ര തുടർന്ന് പ്രധാന പദയാത്രയോട് ചേർന്ന് 8 ദിവസങ്ങളിൽ യാത്രചെയ്ത് തിരുവനന്തപുരത്ത് ജൂലൈ 14–ാം തീയതി എത്തിച്ചേർന്നു. പ്രസ്തുത പദയാത്രയ്ക്ക് എം.സി.എ, എം.സി.വൈഎം സംയുക്തമായി നേതൃത്വം നൽകി. ഇതോടനുബന്ധിച്ച് എല്ലാ മേഖലകളിലും അനുസ്മരണസമ്മേളനവും പദയാത്രയും പ്രത്യേകമായി സംഘടിപ്പിച്ചു.

## സ്ഥാനാരോഹണശുശ്രൂഷയും യാത്രയയപ്പും

മൂവാറ്റുപുഴ രൂപതയുടെ 3–ാമത്തെ മെത്രപ്പോലീത്തയായി സ്ഥാനമേൽക്കപ്പെട്ട അഭിവന്ദ്യ ഡോ. യൂഹനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണ ശുശ്രൂഷയ്ക്കും സ്ഥാനമൊഴിഞ്ഞ അഭിവന്ദ്യ ഡോ. എബ്രഹാം മാർ യൂലിയോസ്

www.malankaralibrary.com



മെത്രാപ്പോലീത്തയുടെ യാത്രയയപ്പ് സമ്മേളനത്തിനും എം.സി.എ മൂവാറ്റുപുഴ രൂപത ശ്രദ്ധേയമായ നേതൃത്വം നൽകി. അഭിവന്ദ്യ പിതാക്കന്മാർക്ക് എം.സി.എയുടെ ഉപഹാരം സമർപ്പിച്ചു.

## അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ യൂലിയോസ് പിതാവ് എം.സി.എ യുടെ മാർഗ്ഗദർശി

കഴിഞ്ഞ പന്ത്രണ്ടു വർഷക്കാലം എം.സി.എ മൂവാറ്റുപുഴ രൂപതക്ക് അഭിവന്ദ്യ പിതാവ് കരുത്തുറ്റ മാർഗ്ഗദർശിയായിരുന്നു. അല്മായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അത്മായർക്ക് പ്രാതിനിധ്യവും അംഗീകാരവും നൽകി സഭയോട് ചേർത്തു നിർത്തുന്നതിന് ശ്രമിച്ച അഭിവന്ദ്യ പിതാവിന് അത്മായ പ്രസ്ഥാനത്തിന്റെ സ്നേഹോഷ്മളമായ നന്ദി അർപ്പിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ വന്ദ്യപിതാവിലൂടെ സഭക്കും രൂപതയ്ക്കും ലഭിച്ച വലിയ കൃപകൾക്ക് ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. അഭിവന്ദ്യ പിതാവിന് എല്ലാ പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്യുന്നു.

## അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിന് ഹൃദ്യമായ സ്വാഗതം

മൂവാറ്റുപുഴ രൂപതയുടെ മൂന്നാമത്തെ മെത്രാപ്പോലീത്തയും കൂരിയ മെത്രാനുമായ അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തയോടുള്ള വിധേയത്വവും, സ്നേഹവും, അനുസരണയും എം.സി.എ മൂവാറ്റുപുഴ രൂപത ഉറപ്പു വരുത്തുകയും, എല്ലാവിധ പ്രാർത്ഥനകളും ആശംസകളും അർപ്പിക്കുകയും ചെയ്യുന്നു.

## അർദ്ധവാർഷിക അസംബ്ലി

ജൂലായ് 13–ാം തീയതി തിരുവനന്തപുരത്ത് വച്ച് നടന്ന സഭ തല അർദ്ധവാർഷിക അസംബ്ലിയിൽ രൂപതയിൽ നിന്ന് 5 പേർ പങ്കെടുത്തു.

## അഭിഭാഷക സംഗമം

അഭിഭാഷകർ പാർശ്വവർക്കരിക്കപ്പെട്ട സമൂഹത്തിന്റെ പക്ഷം ചേരുകയും അസംഘടിത മേഖലയിലെ അവകാശങ്ങൾക്കു വേണ്ടി നിലകൊള്ളുകയും വേണമെന്ന് മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ അഭിപ്രായപ്പെട്ടു. മലങ്കര കാത്തലിക്ക് അസോസിയേഷൻ സഭാതല സമിതിയുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ രൂപതയുടെ ആതിഥേയത്വത്തിൽ എറണാകുളം പി.ഒ.സിയിൽ വച്ച് ആഗസ്റ്റ് 23–ന് സംഘടിപ്പിച്ച അഭിഭാഷക സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബാവ തിരുമേനി.

സഭയിലെ വിവിധ രൂപതകളിൽ നിന്നായി 70 അഭിഭാഷകർ പങ്കെടുത്തു. എം.സി.എ.സഭാതല പ്രസിഡന്റ് വി.പി.മത്തായി അദ്ധ്യക്ഷത വഹിച്ചു. മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹന്നോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത വികാരി ജനറാൾ മോൺ. ചെറിയാൻ ചെന്നിക്കര, പി.ഒ.സി. ഡയറക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട്, വൈദിക ഉപദേഷ്ടാവ് ഫാ. ജോൺ അരീക്കൽ, മുൻസഭാതല പ്രസിഡന്റ് ഫിലിപ്പ് കടവിൽ, ജന.സെക്രട്ടറി ചെറിയാൻ ചെന്നിർക്കര, മൂവാറ്റുപുഴ രൂപത എം.സി.എ പ്രസിഡന്റ് വി.സി. ജോർജ്ജ്കുട്ടി, ജന.സെക്രട്ടറി ഷിബു പനച്ചിക്കൽ, ബാബു

www.malankaralibrary.com



അമ്പലത്തിൻകാല, എൻ.ടി. ജേക്കബ്ബ് എന്നിവർ പ്രസംഗിച്ചു. സുപ്രീംകോടതി അഡ്വക്കേറ്റ് ഫാ. പി.ഡി. മാത്യു, 'Legal Activism in a Christian way' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ചു. അഡ്വ. എബ്രഹാം എം. പട്ട്യാനി മോഡറേറ്ററായി നടത്തിയ ചർച്ചയിൽ അഭിഭാഷകർ സജീവമായി പങ്കെടുത്തു. തുടർന്ന് എല്ലാ രൂപതയിൽ നിന്നും ഓരോ അഭിഭാഷകനെ ഉൾപ്പെടുത്തി അഡ്ഹോക്ക് ലീഗൽ ഫോറം രൂപീകരിച്ചു. മൂവാറ്റുപുഴ രൂപതയിൽ നിന്നും അഡ്വ.കുര്യൻ ജോർജ്ജ് കണ്ണന്താനം ഉൾപ്പെടെ 13 അഭിഭാഷകർ പങ്കെടുത്തു. അഡ്വ. ഫ്ലോഷ് യോഹന്നാൻ രൂപതയിൽ നിന്നുള്ള അഡ്ഹോക്ക് കമ്മറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

## വൈദിക ദിനാചരണം

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി വി. ജോൺ മരിയ വിയാനിയുടെ ഓർമ്മപ്പെരുന്നാൾ ദിനമായ ആഗസ്റ്റ് 4–ാം തീയതി രൂപതയിലെ എല്ലാ ഇടവകകളിലും വൈദികദിനമായി ആചരിച്ചു. ഇടവകകളിൽ എം.സി.എ യൂണിറ്റ് സമിതികളുടെ നേതൃത്വത്തിൽ വൈദികരെ ആദരിച്ചു. രൂപതാതലത്തിൽ ആഗസ്റ്റ് 11–ാം തീയതി വൈദികദിനാചരണം അഞ്ചൽപ്പെട്ടി സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ വച്ച് സംഘടിപ്പിച്ചു. രൂപതാ പ്രസിഡന്റ് വി.സി ജോർജ്ജ്കുട്ടി അദ്ധ്യക്ഷത വഹിച്ചു.

## വി. വിയാനി പുരസ്കാരം – റവ ഫാ. കുര്യൻ ആരംമ്പിള്ളികുടിയിലിന്

വൈദികദിനത്തോടനുബന്ധിച്ച് ഈ വർഷം (2019) വി. വിയാനി പരുസ്കാരം റവ.ഫാ. കുര്യൻ ആരമ്പിള്ളികുടിയിലിന് നൽകി. അഞ്ചൽപ്പെട്ടി ഇടവകയിൽ വച്ച് നടന്ന വൈദിക ദിനാചരണ ത്തോടനുബന്ധിച്ച് പുരസ്കാരം രൂപത പ്രസിഡന്റ് വി.സി. ജോർജ്ജ്കുട്ടി സമ്മാനിച്ചു. സഭയിലും സമൂഹത്തിലും പ്രത്യേകിച്ച് മലയോര മേഖലയിലെ പ്രവർത്തനങ്ങൾക്ക് നൽകിയ ശ്രദ്ധേയമായ നേതൃത്വത്തിന്റെ പശ്ചാത്തലത്തിലാണ് പുരസ്കാരം സമ്മാനിച്ചത്. ഷിബു പനച്ചിക്കൽ, ബാബു കയ്യാനിക്കൽ എന്നിവർ പ്രസംഗിച്ചു.

## ആഗോള അല്മായ സംഗമം–കോട്ടയം

89–ാം പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് കോട്ടയത്ത് വച്ച് നടന്ന ആഗോള അൽമായ സംഗമത്തിൽ രൂപതയിൽ നിന്ന് 63 പേർ പങ്കെടുത്തു.

## Leadership Training programme

തിരുവല്ലയിൽ വച്ച് സഭാതല സമിതി സംഘടിപ്പിച്ച നേതൃത്വ പരിശീലന ക്യാമ്പിൽ രൂപത യിൽ നിന്ന് 3 പേർ പങ്കെടുത്തു.

## സഭാതല ദ്വിതീയ അസംബ്ലി

'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷയത്തിൽ നടന്ന സഭാതല ദ്വിതീയ അസംബ്ലിയിലും ഇതിനോടനുബന്ധിച്ച് നടന്ന മേഖല, രൂപത, സഭാതല അസംബ്ലിയിലും എം.സി.എയുടെ സജീവ പങ്കാളിത്തവും നേതൃത്വവും ഉണ്ടായിരുന്നു. സഭാതല അസംബ്ലിയിൽ രൂപതയെ പ്രതിനിധീകരിച്ച് എം.സി.എ പ്രസിഡന്റ് വി.സി ജോർജ്ജ്കുട്ടി പങ്കെടുക്കുകയും ഉദ്ഘാടന സമ്മേളനത്തിന് കൃതജ്ഞത അർപ്പിക്കുവാൻ അവസരം ലഭിക്കുകയും ചെയ്തത് സംഘടനയെ സംബന്ധിച്ച് അഭിമാനകരമായ നേട്ടമായിരുന്നു.

www.malankaralibrary.com



## മിഷൻ മീറ്റും മിഷൻ ഫണ്ടും

എം.സി.എ സഭാതല സമിതിയുടെ നേതൃത്വത്തിൽ ഡൽഹി, പൂനൈ, പഞ്ചാബ് മിഷൻ മീറ്റ് 2019 നവംമ്പർ 17 മുതൽ 20 വരെ നടത്തപ്പെട്ടു. രൂപതയിൽ നിന്ന് എക്സിക്യൂട്ടീവ് അംഗം ടി.ഡി ജോർജ്ജ്കുട്ടി പങ്കെടുത്തു. മിഷൻ ഫണ്ടിലേക്ക് 30,000 രൂപ രൂപതാസമിതി നൽകി.

## പ്രവാസി സംഗമം – 2019 നവംബർ 17

എം.സി.എ സഭാതല സമിതിയുടെ നേതൃത്വത്തിൽ പൂനയിൽ വച്ച് നടന്ന പ്രവാസി സംഗമത്തിൽ രൂപതയിൽ നിന്ന് ശ്രീ. എൻ.റ്റി. ജേക്കബ്ബ് , ശ്രീ. ടി.ഡി ജോർജ്ജ്കുട്ടി എന്നിവർ പങ്കെടുത്തു.

## രൂപത മിഷൻ ഫണ്ട്

മിഷൻ പ്രവർത്തനങ്ങളുടെ സഹായത്തിനും നേതൃത്വത്തിനു മായി രൂപതാ മിഷൻ ഫണ്ട് കണ്ടെത്തുവാൻ തീരുമാനിച്ചു. ആദ്യ സംരംഭമെന്ന നിലയിൽ കോയമ്പത്തൂർ കിണ്ണത്തുംകടവ് മിഷനുവേണ്ടി 10,000 രൂപ സംഭാവനചെയ്തു. രൂപതയുടെ മിഷൻ കേന്ദ്രമായ വടകോട് മിഷനുവേണ്ടി എം.സി.എ രൂപത സമിതി പതിനായിരം രൂപയും നൽകി.

## പാസ്റ്ററൽ കൗൺസിൽ

രൂപത പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കപ്പെടുകയുായി. എം.സി.എ അംഗങ്ങൾ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി കടന്നുവരികയും സെക്രട്ടറിയായി രൂപതാ പ്രസിഡന്റ് ശ്രീ. വി.സി ജോർജ്ജ്കുട്ടി തിരെഞ്ഞെടുക്കപ്പെടുകയും ചെയ്തത് എം.സി.എക്ക് അഭിമാനകരമായ നേട്ടമാണ്.

## രൂപത അസംബ്ലി

മലങ്കര കാത്തലിക്ക് അസോസിയേഷൻ (MCA) രൂപത അസംബ്ലി 2020 ജനുവരി 18 ന് സംഘടിപ്പിക്കപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീ. വി.സി.ജോർജുകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന രൂപത അസംബ്ലി മൂവാറ്റുപുഴ രൂപത വികാരി ജനറാൾ വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര ഉദ്ഘാടനം ചെയ്തു. സഭാതല പ്രസിഡന്റ് ശ്രീ.വി.പി. മത്തായി മുഖ്യപ്രഭാഷണം നടത്തി. മേഖല വികാരി റവ. ഫാ. സാബു മുളകുകൊടിയിൽ, മേഖല ഡയറക്ടർ റവ.ഫാ. വിൽസൺ വേലിക്കകത്ത്, യൂണിറ്റ് വൈദിക ഉപദേഷ്ടാവ് റവ. ഫാ. കുര്യാക്കോസ് കറുത്തേടത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീ.എൻ.ടി ജേക്കബ്ബ്, ശ്രീ.ഫിലിപ്പ് കടവിൽ, ശ്രീ. സജി താണിക്കൽ, ശ്രീ. ഷിബു പനച്ചിക്കൽ, ശ്രീ. ഉമ്മൻ ശങ്കരമംഗലം, ശ്രീമതി സാലി ജേക്കബ് , ശ്രീ. സ്ക്കറിയ ഡി. എന്നിവർ പ്രസംഗിച്ചു. മേഖല റിപ്പോർട്ടുകൾ അവതരിപ്പിച്ചു. രൂപത റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് അംഗീകാരം നേടുകയും ചെയ്തു. ഭാവി പരിപാടികൾ അസംബ്ലി വിചിന്തനം ചെയ്തു.

www.malankaralibrary.com



## അഭിവന്ദ്യ സിറിൾ ബസ്സേലിയോസ് കതോലിക്ക ബാവ അനുസ്മരണം

മലങ്കര സുറിയാനി കത്തോലിക്കസഭയുടെ പ്രഥമ കാതോലിക്കയും, ദാർശനികനും, പുണ്യശ്ലോകനുമായ സിറിൾ ബസ്സേലിയോസ് കാതോലിക്ക ബാവയുടെ അനുസ്മരണം നടത്തപ്പെട്ടു. വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര, അനുസ്മരണ പ്രഭാഷണം നടത്തി. റവ.ഫാ.കുര്യാക്കോസ് കറുത്തേടത്ത് പ്രസിഡന്റ് ശ്രീ. വി.സി. ജോർജുകുട്ടി, ജനറൽ സെക്രട്ടറി, ശ്രീ.ഷിബു പനച്ചിക്കൽ, എന്നിവർ അനുസ്മരണ സമ്മേളനത്തിന് നേതൃത്വം നൽകി.

## അല്മായ ദിനം

കോവിഡിന്റെ പശ്ചാത്തലത്തിൽ എല്ലാ യൂണിറ്റുകളിലും അല്മായദിനം ഭാഗീകമായി മാത്രമെ സംഘടിപ്പിക്കുവാൻ സാധിച്ചുള്ളു. രൂപതതലത്തിൽ വെട്ടിക്കൽ സെന്റ് മേരീസ് ഇടവകയിൽ വച്ച് 2020 ഓഗസ്റ്റ് 4 ന് അല്മായദിനം ആചരിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ.വി.സി.ജോർജുകുട്ടി പതാക ഉയർത്തി. അല്മായദിന സന്ദേശം നൽകി.

## റവ. ഫാ. സ്റ്റാൻ സ്വാമി–ഐക്യദാർഢ്യം

എം.സി.എ മൂവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ റവ. ഫാ. സ്റ്റാൻ സ്വാമി ഐക്യദാഢ്യ പ്രതിക്ഷേധം മൂവാറ്റുപുഴ വാഴപ്പിള്ളിൽ വച്ച് സംഘടിപ്പിച്ചു. റവ. ഫാ. സ്റ്റാൻ സ്വാമിയെ സകല പൗരത്വ അവകാശങ്ങളും ലംഘിച്ചുകൊണ്ട് അന്യായ തടങ്കലിൽ പാർപ്പിക്കുന്നതിനെതിരെ മൂവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ പ്രതിഷേധ സമ്മേളനം നടത്തി. മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാന്നോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. നീതി നിഷേധിക്കുന്ന സമൂഹത്തോട് പ്രതികരിക്കേത് ക്രൈസ്തവ ധർമ്മമാണ് എന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. മൂവാറ്റുപുഴ രൂപത വികാരി ജനറാൾ വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര, പ്രസിഡന്റ് ശ്രീ. വി.സി. ജോർജുകുട്ടി, ജനറൽ സെക്രട്ടറി, ശ്രീ.ഷിബു പനച്ചിക്കൽ, ബഹുമാനപ്പെട്ട വൈദികർ, യുവജനങ്ങൾ എന്നിവർ പ്രതിഷേധ സമ്മേളനത്തിൽ പങ്കെടുത്തു.

## കാരിത്താസ് പദ്ധതികൾ

എം.സി.എ സഭാതല സമിതിയുടെയും കാരിത്താസ് ഇന്ത്യയുടെയും സംയുക്ത നേതൃത്വത്തിൽ മൂവാറ്റുപുഴ രൂപതയുടെ 5 മേഖലകളിലായി വിവിധ വിഷയങ്ങളിൽ പഠന സെമിനാറും ടാക്സ്ഫോഴ്സ് രൂപീകരണവും സംഘടിപ്പിച്ചു. സെമിനാർ സംഘടിപ്പിക്കുവാൻ ക്രമീകരണങ്ങൾ നൽകിയ കാരിത്താസ് ഇന്ത്യക്കും എം.സി.എ സഭാതല സമിതിക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു.



www.malankaralibrary.com



## എം.സി.എ നേതൃത്വ പരിശീലനം–സെമിനാർ (18.01.2020) ചുവന്നമണ്ണ്, പീച്ചി മേഖല

എം.സി.എ സഭാതല സമിതിയുടെയും കാരിത്താസ് ഇന്ത്യയുടെയും സംയുക്ത നേതൃത്വത്തിൽ മൂവാറ്റുപുഴ രൂപത എം.സി.എ 18–01–2020 ന് ചുവന്നമണ്ണ് ഇടവകയിൽ വച്ച് ട്രേയ് നേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കായി നേതൃത്വപരിശീലന ശില്പശാല സംഘടിപ്പിച്ചു. മൂവാറ്റുപുഴ രൂപത വികാരി ജനറാൾ വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര സെമിനാർ ഉദ്ഘാടനം ചെയ്തു. എം. സി. എ. സഭാതല സമിതി പ്രസിഡന്റ് ശ്രീ. വി. പി. മത്തായി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ റവ. ഫാ. കുര്യാക്കോസ് കറുത്തേടത്ത്, കേന്ദ്രസമിതി വൈസ് പ്രസിഡന്റ് ശ്രീ. എൻ. ടി. ജേക്കബ്ബ്, മുൻ പ്രസിഡന്റ് ശ്രീ. ഫിലിപ്പ് കടവിൽ, മാനേജിംഗ് കമ്മറ്റിയംഗം ശ്രീമതി ഷീല അലക്സ്, രൂപത പ്രസിഡന്റ് ശ്രീ. വി. സി. ജോർജ്ജുകുട്ടി, ജന. സെക്രട്ടറി ശ്രീ. ഷിബു പനച്ചിക്കൽ, ട്രഷറാർ ശ്രീ. സജി താണിക്കൽ എന്നിവർ പ്രസംഗിച്ചു.

'അല്മായ നേതൃത്വം സഭയിലും സമൂഹത്തിലും' എന്ന വിഷയത്തിൽ കെ.സി.ബി.സി JPD കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ക്ലാസ്സ് നയിച്ചു. തുടർന്ന് എം.സി.എ പ്രസ്ഥാനം ദർശനം, പ്രവർത്തനശൈലി, കർമ്മപരിപാടി എന്ന വിഷയത്തിൽ രൂപത പ്രസിഡന്റ് ശ്രീ. വി. സി. ജോർജ്ജുകുട്ടി ക്ലാസ്സ് നയിച്ചു. 60 അംഗങ്ങൾ പ്രസ്തുത സെമിനാറിൽ പങ്കെടുത്തു. വിജയത്തിനായി പ്രവർത്തിച്ച പീച്ചി മേഖല സമിതിക്കും ചുവന്നമണ്ണ് ഇടവകയ്ക്കും ഹൃദയപൂർവ്വം നന്ദി.

## സന്നദ്ധ പ്രവർത്തനങ്ങൾ സംഘടനകളിലൂടെ – സെമിനാർ (29.02.2020) പിറവം മേഖല

എം.സി.എ സഭാതല സമിതിയുടെയും കാരിത്താസ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ട്രെയിനിംഗ് പരിപാടിയുടെ രണ്ടാമത്തെ സെമിനാർ പിറവം സെന്റ് മേരീസ് ബെദ്‌ലഹേം മലങ്കര കത്തോലിക്ക പള്ളിയിൽ വച്ച് 2020 ഫെബ്രുവരി 29–ാം തീയതി സംഘടിപ്പിച്ചു. മൂവാറ്റുപുഴ രൂപത വികാരി ജനറാൾ വെരി.റവ.മോൺ ചെറിയാൻ ചെന്നിക്കര സെമിനാർ ഉദ്ഘാടനം ചെയ്തു. സഭാതല പ്രസിഡന്റ് ശ്രീ. വി.പി. മത്തായി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കാരിത്താസ് ഇന്ത്യ സംസ്ഥാന പ്രോജക്ട് കോർഡിനേറ്റർ റവ.സിസ്റ്റർ ക്രിസ്റ്റി മരിയ ഡി SH മുഖ്യപ്രഭാഷണം നടത്തി. പിറവം മേഖല വികാരി വെരി. റവ. ഫാ. തോമസ് ഞാറക്കാട്ട്, മേഖല വൈദികോപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് കയ്യാനിക്കൽ, വികാരി റവ. ഫാ. തോമസ് ആറ്റുമാലിൽ, രൂപത പ്രസിഡന്റ് ശ്രീ. വി. സി. ജോർജ്ജുകുട്ടി, കേന്ദ്രസമിതി വൈസ് പ്രസിഡന്റ് ശ്രീ. എൻ. ടി. ജേക്കബ്ബ്, മുൻ സഭാതല പ്രസിഡന്റ് ശ്രീ. ഫിലിപ്പ് കടവിൽ, ശ്രീ. ദാനിയേൽ തോമസ്, മേഖല പ്രസിഡന്റ് ശ്രീ. ഷിബു സിബി, കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജോ പി.ബാബു, എം.സി.വൈ.എം. മുൻസഭാതല പ്രസിഡന്റ് ശ്രീ. ടിനു കുര്യാക്കോസ്, മേഖല സെക്രട്ടറി ശ്രീ. എബിഷ് കൂരാപ്പിള്ളിൽ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. മാത്യൂസ് ടി.എ, ശ്രീ. സോനു പീറ്റർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന സന്നദ്ധ പ്രവർത്തനങ്ങൾ സംഘടനകളിലൂടെ

www.malankaralibrary.com


എന്ന വിഷയത്തിൽ നടന്ന സെമിനാർ കെ.സി.ബി.സി JPD കമ്മീഷൻ സെക്രട്ടറി റവ.ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ നേതൃത്വം നൽകി. സന്നദ്ധ പ്രവർത്തനങ്ങൾ ഓരോ വ്യക്തിയുടെയും കടമയും ഉത്തരവാദിത്വവുമാണെന്ന് ബഹു.അച്ചൻ സൂചിപ്പിച്ചു. 75 അംഗങ്ങൾ പങ്കെടുത്തു. പരിപാടികൾക്ക് നേതൃത്വം നൽകിയ പിറവം മേഖല സമിതിക്ക് പിറവം യൂണിറ്റിനും നന്ദി.

## പരിസ്ഥിതി പഠന സെമിനാർ
## ദുരന്ത നിവാരണസേന രൂപീകരണം
## (01.03.2020) സെന്റ് ജോസഫ്സ് മലങ്കര കത്തോലിക്ക പള്ളി,
## ഇരുമ്പാമുട്ടി, കരിമ്പ മേഖല

എം.സി.എ സഭാതലസമിതിയുടെയും കാരിത്താസ് ഇന്ത്യയുടെയും സംയുക്താഭി മുഖ്യത്തിൽ മൂവാറ്റുപുഴ രൂപത കരിമ്പ മേഖലയുടെ നേതൃത്വത്തിൽ 01-03-2020-ൽ ഇരുമ്പാമുട്ടി സെന്റ് ജോസഫ്സ് മലങ്കര കത്തോലിക്ക ഇടവകയിൽ വച്ച് പരിസ്ഥിതി പഠന സെമിനാർ, ദുരന്ത നിവാരണ സേന രൂപീകരണം എന്നിവ നടത്തപ്പെട്ടു. എം.സി.എ രൂപത പ്രസിഡന്റ് ശ്രീ. വി.സി.ജോർജ്ജുകുട്ടി അദ്ധ്യക്ഷത വഹിച്ച സമ്മേളനം കരിമ്പ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജയശ്രീ ടീച്ചർ ഉദ്ഘാടനം ചെയ്തു. എം.സി.എ സഭാതല പ്രസിഡന്റ് ശ്രീ. വി.പി.മത്തായി മുഖ്യപ്രഭാഷണം നടത്തി. സമൃദ്ധി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. തോമസ് പുല്ലുകാലയിൽ വിഷയാവതരണം നടത്തി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് തങ്കച്ചൻ മാത്യു, അംഗങ്ങളായ രാജി പഴയകുളം, മുഹമ്മദ് ഹാരിസ്, സുമലത, ബിന്ദു പ്രേമൻ, ശ്രീജ, രൂപത ജന. സെക്രട്ടറി ഷിബു പനച്ചിക്കൽ, മേഖല സെക്രട്ടറി സജീവ് ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. കാരിത്താസ് ഇന്ത്യ കേരള പ്രോഗ്രാം മാനേജർ ശ്രീമതി ശോഭ ജോസ് സെമിനാറിന് നേതൃത്വം നൽകി. ദുരന്ത നിവാരണ സേന പ്രഖ്യാപനം മേഖല വികാരി റവ.ഫാ.ഐസക്ക് കോച്ചേരി നിർവ്വഹിച്ചു. റവ.ഫാ. മോൻസൺ കുര്യാക്കോസ് OIC, റവ. ഫാ. ഗീവറുഗീസ് മേലേപ്പീടിക, തോമസ് ഫ്രാൻസിസ്, തങ്കച്ചൻ തോപ്പിൽ എന്നിവർ നേതൃത്വം നൽകി. 55 അംഗങ്ങൾ പങ്കെടുത്തു. ശ്രദ്ധേയമായ സെമിനാർ സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ കരിമ്പ മേഖല ഭാരവാഹികളായ തോമസ് ഫ്രാൻസിസ്, സജീവ് ജോർജ്ജ്, ഉമ്മൻ ശങ്കരമംഗലം എന്നിവർക്കും ഇരുമ്പുമുട്ടി യൂണിറ്റ് ഭാരവാഹികൾക്കും നന്ദിയർപ്പിക്കുന്നു.

## കുടുംബ ബഡ്ജറ്റ് – സെമിനാർ
## (24.01.2021) ഞായർ, സെന്റ് ലോറൻസ് ദേവാലയം, വാളറ
## മൂവാറ്റുപുഴ മേഖല

എം.സി.എ സഭാതല സമിതിയുടെയും കാരിത്താസ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ മൂവാറ്റുപുഴ രൂപത മൂവാറ്റുപുഴ മേഖല സമിതിയുടെ നേതൃത്വത്തിൽ 24-01-2021 ന് വാളറ സെന്റ് ലോറൻസ് ദേവാലയത്തിൽ വച്ച് ട്രെയിനിംഗ് നടത്തപ്പെട്ടു. 'കുടുംബ ബഡ്ജറ്റ്' എന്ന

www.malankaralibrary.com



വിഷയത്തിൽ നടത്തപ്പെട്ട സെമിനാർ രൂപത വികാരി ജനറാൾ വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര ഉദ്ഘാടനം ചെയ്തു. എം.സി.എ സഭാതലസമിതി വൈസ് പ്രസിഡന്റ് ശ്രീ. എൻ.ടി ജേക്കബ്ബ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സഭാതല മാനേജിംഗ് കമ്മറ്റിയംഗം ഫിലിപ്പ് കടവിൽ, വികാരി റവ. ഫാ. ജോസ് കുറ്റിക്കേരിൽ, പാമ്പാക്കുട ഗ്രാമപഞ്ചായത്ത് അംഗം ശ്രീ. ഫിലിപ്പ് ഇരട്ടയാനിക്കൽ, രൂപത ജനറൽ സെക്രട്ടറി ശ്രീ. ഷിബു പനച്ചിക്കൽ, ശ്രീ.പി.സി.മാത്യു എന്നിവർ പ്രസംഗിച്ചു. കേരളം ലോട്ടറി ഡിപ്പാർട്മെന്റ് റിട്ട. ജോയിന്റ് ഡയറക്ടർ ശ്രീ. കെ. ഡി അപ്പച്ചൻ ക്ലാസിന് നേതൃത്വം നൽകി. സെമിനാർ സംഘാടനത്തിന് നേതൃത്വം നൽകിയ വാളറ ഇടവകയ്ക്കും, മൂവാറ്റുപുഴ മേഖലയ്ക്കും നന്ദിയർപ്പിക്കുന്നു.

## ജൈവകൃഷിയും അടുക്കളത്തോട്ടവും – സെമിനാർ
## വൃക്ഷത്തൈ വിതരണം
## (07.03.2021) വിമലഗിരി പബ്ലിക് സ്കൂൾ, കരുവാൻകാട്
## കുന്നംകുളം മേഖല

എം.സി.എ സഭാതലസമിതിയുടെയും കാരിത്താസ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ മൂവാറ്റുപുഴ രൂപത കുന്നംകുളം മേഖലയുടെ നേതൃത്വത്തിൽ 07.03.2021–ൽ കരുവാൻകാട് വിമലഗിരി പബ്ലിക് സ്കൂളിൽ വച്ച് ജൈവകൃഷിയും അടുക്കളത്തോട്ടവും എന്ന വിഷയത്തിൽ സെമിനാറും വൃക്ഷത്തൈ വിതരണം നടത്തപ്പെട്ടു. എം.സി.എ രൂപത പ്രസിഡന്റ് ശ്രീ. വി.സി.ജോർജ്ജുകുട്ടി അദ്ധ്യക്ഷത വഹിച്ച സമ്മേളനം കുന്നംകുളം മേഖല വികാരി വെരി. റവ ഫാ. ജോണി ചെരിക്കായത്ത് ഉദ്ഘാടനം ചെയ്തു. റവ. ഫാ. യോവാക്കിം പണ്ടാരംകുടിയിൽ, റവ. ഫാ. റോബിൻ പുത്തൻപുരക്കൽ , ജന. സെക്രട്ടറി ഷിബു പനച്ചിക്കൽ, മുൻ ജന. സെക്രട്ടറി അഡ്വ. എൽദോ പൂക്കുന്നേൽ, സജി താനിക്കൽ, സണ്ണി വേലംമ്പിള്ളി, സുഭാഷ് വെട്ടിക്കാട്ടിൽ, സജീവ് ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

ജൈവകൃഷിയും അടുക്കളത്തോട്ടവും എന്ന വിഷയത്തിൽ ഉമ്മൻ ശങ്കരമംഗലം ക്ലാസ്സ് നയിച്ചു. കൂടാതെ അടുക്കളത്തോട്ട തൈകൾ, പൂച്ചെടികൾ, ജൈവവളക്കൂട്ട് എന്നിവ വിതരണം ചെയ്തു. 60 അംഗങ്ങൾ പങ്കെടുത്തു. ശ്രദ്ധേയമായ സെമിനാർ സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ കുന്നംകുളം മേഖല ഭാരവാഹികൾക്കും നന്ദിയർപ്പിക്കുന്നു.

## ടാസ്ക് ഫോഴ്സ് രൂപീകരിച്ചു

കേരളത്തിൽ പ്രകൃതി ദുരന്തങ്ങൾ ഒരു തുടർച്ചയായി രൂപപ്പെടുന്ന ഈ കാലഘട്ടത്തിൽ ഒരു ടാസ്ക് ഫോഴ്സിന്റെ ആവശ്യകത മനസ്സിലാക്കികൊണ്ട് എം.സി.എ മൂവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ പിറവം മേഖലയിലും കരിമ്പ മേഖലയിലും ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. കാരിത്താസ് ഇന്ത്യയും എം.സി.എ സഭാതല സമിതിയും രൂപതകളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായാണ് ഈ ഫോഴ്സ് രൂപീകരിച്ചത്. ഈ പദ്ധതിയുടെ ഉദ്ഘാടനം മൂവാറ്റുപുഴ രൂപത വികാരി ജനറാൾ വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര നിർവഹിച്ചു. സഭാതല പ്രസിഡന്റ് ശ്രീ. വി. പി. മത്തായി അദ്ധ്യക്ഷത വഹിച്ചു. പിറവം മേഖലയിൽ 30 പേർ അടങ്ങുന്ന ടാസ്ക് ഫോഴ്സും കരിമ്പ മേഖലയിൽ 25 അംഗങ്ങൾ

www.malankaralibrary.com



അടങ്ങുന്ന ടാസ്ക് ഫോഴ്സും രൂപീകരിച്ചു. പിറവം മേഖലയിൽ ശ്രീ. എബിഷ് കൂരാപ്പിള്ളിയും കരിമ്പ മേഖലയിൽ ശ്രീ. സജീവ് ജോർജ്ജും നേതൃത്വം നൽകി വരുന്നു. പ്രത്യേകം നന്ദി

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടവരെ ആദരിച്ചു. 2021 ജനുവരി 9**

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മൂവാറ്റുപുഴ രൂപതയിൽ നിന്നുള്ള ജനപ്രതിനിധികളെ ആദരിക്കുന്നതിനായി 2021 ജനുവരി 9–ാം തീയതി മൂവാറ്റുപുഴ രൂപത കാര്യാലയത്തിൽ വച്ച് അനുമോദന സമ്മേളനം സംഘടിപ്പിച്ചു. ഉപസംഹാര സമർപ്പണം നടത്തുകയും ചെയ്തു. അഭിവന്ദ്യ യൂഹാന്നോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിന് എം.സി.എ. രൂപത പ്രസിഡന്റ് ശ്രീ. വി.സി. ജോർജ്ജുകുട്ടി സ്വാഗതം അർപ്പിച്ചു. രൂപത വികാരി ജനറാൾ വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര ആമുഖ പ്രഭാഷണം നടത്തി. റവ. ഡോ. തോമസ് മുതലപ്ര, റവ.ഫാ. കുര്യാക്കോസ് കറുത്തേടത്ത്, ശ്രീ. എൻ.ടി ജേക്കബ്ബ്, ശ്രീ. ഫിലിപ്പ് കടവിൽ, ശ്രീ. റിജോ ജോൺസൺ എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു.

തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ അഭിവന്ദ്യ പിതാവ് ആദരിക്കുകയും, ഉപഹാരങ്ങൾ നൽകുകയും ചെയ്തു. ആദരിക്കപ്പെട്ടവർ

1. ശ്രീമതി ഏലിയാമ്മ ഫിലിപ്പ് (ചെയർ പേഴ്സൺ, പിറവം മുനിസിപ്പാലിറ്റി)
2. ശ്രീ. സണ്ണി ചെന്നിക്കര (വൈ. പ്രസിഡന്റ്, മാടക്കത്തറ ഗ്രാമപഞ്ചായത്ത്)
3. ശ്രീമതി മിനി സോജൻ (പിറവം മുനിസിപ്പാലിറ്റി)
4. ശ്രീ. ഫിലിപ്പ് ഇരട്ടയാനിക്കൽ (പാമ്പാക്കുട ഗ്രാമപഞ്ചായത്ത്)
5. ശ്രീമതി ഷീല അലക്സ് (പാണഞ്ചേരി ഗ്രാമപഞ്ചായത്ത്)
6. ശ്രീ. കെ.റ്റി. ഷാജൻ മാസ്റ്റർ (കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്)
7. ശ്രീമതി ബബിത ഫിലോ (കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്)
8. ശ്രീമതി മിനി റെജി (പുത്തൂർ ഗ്രാമപഞ്ചായത്ത്)
9. ശ്രീ. ആരോഷ് ടി.എ (പുത്തൂർ ഗ്രാമപഞ്ചായത്ത്)
10. ശ്രീമതി ഷൈനി റെജി (മഴുവന്നൂർ ഗ്രാമപഞ്ചായത്ത്)
11. ശ്രീ. ജോർജ് തച്ചമ്പാറ (തച്ചമ്പാറ ഗ്രാമപഞ്ചായത്ത്)
12. ശ്രീ. ജോസ് പനക്കാമറ്റം (അഗളി ഗ്രാമപഞ്ചായത്ത്)
13. ശ്രീ. ബേബി ജോസഫ് (പാമ്പാക്കുട ഗ്രാമപഞ്ചായത്ത്)

സമ്മേളനത്തിൽ ശ്രീമതി ഏലിയാമ്മ ഫിലിപ്പ്, ശ്രീ. സണ്ണി ചെന്നിക്കര, ശ്രീ. ഫിലിപ്പ് ഇരട്ടയാനിക്കൽ, ശ്രീ. കെ.റ്റി.ഷാജൻ മാസ്റ്റർ എന്നിവർ മറുപടി പ്രസംഗം നടത്തി. ഷിബു പനച്ചിക്കൽ സമ്മേളനത്തിന് നന്ദിയർപ്പിച്ചു.

www.malankaralibrary.com



# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്ക് അനുമോദനങ്ങൾ



**ഏലിയാമ്മ ഫിലിപ്പ്**
(ചെയർപേഴ്സൺ, പിറവം മുൻസിപ്പാലിറ്റി)



**സണ്ണി ചെന്നിക്കര**
(വൈസ് പ്രസിഡന്റ്, മാടക്കത്തറ ഗ്രാമപഞ്ചായത്ത്)



**മിനി സോജൻ**
(കൗൺസിലർ, പിറവം മുനിസിപ്പാലിറ്റി)



**ഫിലിപ്പ് ഇരട്ടയാനിക്കൽ**
(മെമ്പർ, പാമ്പാക്കുട ഗ്രാമപഞ്ചായത്ത്)



**ഷീല അലക്സ്**
(മെമ്പർ, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്)



**ജോസ് പനയ്ക്കാമറ്റം**
(മെമ്പർ, അഗളി ഗ്രാമപഞ്ചായത്ത്)



**കെ. റ്റി. ഷാജൻ മാഷ്**
(മെമ്പർ, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്)



**മിനി റെജി**
(മെമ്പർ, പുത്തൂർ ഗ്രാമപഞ്ചായത്ത്)



**അരോഷ് ടി. എ.**
(മെമ്പർ, പുത്തൂർ ഗ്രാമപഞ്ചായത്ത്)



**ബബിത ഫിലോ**
(മെമ്പർ, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്)



**ഷൈനി റെജി**
(മെമ്പർ, മഴുവന്നൂർ ഗ്രാമപഞ്ചായത്ത്)



**ജോർജ്ജ് തച്ചമ്പാറ**
(മെമ്പർ, തച്ചമ്പാറ ഗ്രാമപഞ്ചായത്ത്)

www.malankaralibrary.com



## കർഷകർക്ക് ഐക്യദാർഢ്യം

കഴിഞ്ഞ ഏതാനും മാസങ്ങളായി കേന്ദ്രതലസ്ഥാനത്തും സമീപപ്രദേശങ്ങളിലും നടക്കുന്ന കർഷക സമരത്തിന് MCA മൂവാറ്റുപുഴ രൂപതയുടെ പിന്തുണയും ഐക്യദാർഢ്യവും അറിയിക്കുന്നു. അന്നം വിളയിക്കുന്നവന്റെ ആവശ്യങ്ങൾക്ക് പുറംതിരിഞ്ഞു നിൽക്കുന്ന ഭരണകൂട ഭീകരത അവസാനിപ്പിക്കണമെന്ന് MCA ആവശ്യപ്പെടുന്നു.

## അഭിഭാഷക ഫോറം

മലങ്കര കത്തോലിക്ക സഭയിലെ അഭിഭാഷകരുടെ വേദിയായി രൂപീകരിച്ച് അഭിഭാഷക ഫോറത്തിന്റെ യോഗത്തിൽ മൂവാറ്റുപുഴയിൽ നിന്ന് 10 പ്രതിനിധികൾ പങ്കെടുത്തു.

## മൂവാറ്റുപുഴ കൺവെൻഷൻ

2020–മാർച്ചിൽ നടന്ന മൂവാറ്റുപുഴ കൺവെൻഷനിൽ എല്ലാ മേഖലകളിലും സംഘാടനത്തിന് MCA നേതൃത്വം നൽകി.

## കോവിഡ്കാല പ്രവർത്തനങ്ങൾ

കോവിഡ്കാലപ്രവർത്തനങ്ങളിൽ രൂപതാ സമിതിയും വിവിധ മേഖല, യൂണിറ്റ് സമിതികളും ശ്രദ്ധേയമായ സംഭാവനകൾ നൽകി. മാസ്ക് വിതരണം, ഭക്ഷ്യകിറ്റ് വിതരണം, രോഗികൾക്ക് സാമ്പത്തിക സഹായം നൽകൽ എന്നിവ സംഘടിപ്പിച്ചു. രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റിയായ സമൃദ്ധിയുടെ നേതൃത്വത്തിൽ നടത്തിയ ഭക്ഷണപ്പൊതി വിതരണത്തിൽ രൂപതാസമിതിയും വ്യക്തികളും സജീവമായി പങ്ക് ചേർന്നു.

## ഭവന നിർമ്മാണ സഹായം

പാലക്കാട് കരിമ്പാ മേഖലയുടെ നേതൃത്വത്തിൽ ഇരുമ്പാമുട്ടി ഇടവകയിൽപ്പെട്ട നിർദ്ധനരായ കുടുംബത്തിന് വീടുപണി പൂർത്തീകരിക്കുന്നതിന് എം.സി.എ ക്ക് സഹായഹസ്തം നൽകാൻ കഴിഞ്ഞു.

## മാർ ബസേലിയോസ് വിദ്യാശ്രീ പുരസ്കാരം – 2019

2019 സെപ്തംബർ 20 ന് കോട്ടയത്ത് വച്ച് നടന്ന അത്മായ സമ്മേളനത്തിൽ വച്ച് മുവാറ്റുപുഴയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പീച്ചി മേഖല മാന്ദാമംഗലം ഇടവകാംഗം ജബിൻ കെ ജോഷിക്ക് മലങ്കര സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമിസ് കാതോലിക്ക ബാവ പുരസ്കാരം നൽകി ആദരിച്ചു. രൂപതയിൽ 10–ാം ക്ലാസ്സ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നവർക്കുള്ള പുരസ്കാരമാണ് ഇത്. കുവൈറ്റ് മലങ്കര റൈറ്റ് മൂവ്മെന്റിന്റെ നേതൃത്വത്തിലാണ് ഈ അവാർഡ് നൽകുന്നത്.

www.malankaralibrary.com



## മാർ ബസ്സേലിയോസ് വിദ്യാശ്രീ പുരസ്ക്കാരം – 2020

കെ.എം.ആർ.എംന്റെ നേതൃത്വത്തിൽ എല്ലാവർഷവും നൽകിവരുന്ന ബസ്സേലിയോസ് വിദ്യാശ്രീ പുരസ്ക്കാരം ഈ വർഷം ഓണക്കൂർ ഇടവകയിൽ ഷിബു പനച്ചിക്കലിന്റെ മകൾ ഗിയ ഷിബുവിന് നൽകപ്പെട്ടു. രൂപതാ ആസ്ഥാനത്ത് നടത്തപ്പെട്ട സമ്മേളനത്തിൽ വച്ച് രൂപത അധ്യക്ഷൻ അഭി. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത അവാർഡ് സമ്മാനിച്ചു. വികാരി ജനറാൾ വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര, റവ. ഫാ. ജിനോ ആറ്റുമാലിൽ, രൂപത പ്രസിഡന്റ് വി.സി ജോർജ്ജ്കുട്ടി എന്നിവർ പ്രസംഗിച്ചു.

## എം.സി.എ സഭാതല രജതജൂബിലി സമാപന സമ്മേളനം

എം.സി.എ സഭാതലത്തിൽ രൂപീകൃതമായതിന്റെ 25 വർഷങ്ങൾ പിന്നിടുമ്പോൾ രജത ജൂബിലി സമാപന സമ്മേളനം രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഏപ്രിൽ 14–ാം തീയതി മൂവാറ്റുപുഴ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. കൃതജ്ഞതാബലി അഭി. ഡോ. എബ്രഹാം മാർ യൂലിയോസ് മെത്രപ്പോലീത്ത അർപ്പിച്ചു. തുടർന്നു നടന്ന സമ്മേളനം മൂവാറ്റുപുഴ രൂപത അധ്യക്ഷൻ അഭി. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. മോസ്റ്റ് റവ. ഡോ. എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് വി.സി. ജോർജ്ജുകുട്ടി അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ. ചെറിയാൻ ചെന്നിക്കര ആമുഖ പ്രഭാഷണം നടത്തി. ബഥനി സന്ന്യാസ സമൂഹം സുപ്പീരിയർ ജനറൽ വെരി. റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി മുഖ്യപ്രഭാഷണം നടത്തി. എം.സി.എ സഭാതല പ്രസിഡന്റ് വി.പി മത്തായി ജൂബിലി സന്ദേശം നൽകി. റവ. ഫാ. ഐസക്ക് കോച്ചേരി, കെ.ജെ പീറ്റർ കിയാലിൽ, എൻ.ടി ജേക്കബ്ബ്, ഫിലിപ്പ് കടവിൽ, ഷിബു പനച്ചിക്കൽ, സജി താണിക്കൽ എന്നിവർ പ്രസംഗിച്ചു.

## പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം.

പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിച്ച അഭി. ഡോ. എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തയ്ക്ക് ആദരവ് നൽകുന്നതിനായി എം.സി.എ രൂപതാ സമിതി ജൂബിലി സമ്മേളനം സംഘടിപ്പിച്ചു. ഏപ്രിൽ 14–ാം തീയതി മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽ വെച്ച് അഭിവന്ദ്യ പിതാവ് വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്ന് നടന്ന അനുമോദന സമ്മേളനം രൂപത അധ്യക്ഷൻ അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. എം.സി.എയുടെ ഉപഹാരം അഭി. യൂലിയോസ് പിതാവിന് സമർപ്പിച്ചു.

## റവ.ഡോ. മത്തായി കടവിൽ ഒ.ഐ.സിക്ക് അനുമോദനം

ബഥനി സന്ന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട എം.സി.എയുടെയും എം.സി.വൈ.എംന്റെയും മുൻ ഡയറക്ടർ കൂടിയായ റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സിയ്ക്ക് മൂവാറ്റുപുഴ എം.സി.എയുടെ അഭിനന്ദനങ്ങൾ നൽകി. ഏപ്രിൽ 14–ാം തീയതി കൂടിയ യോഗത്തിൽ വച്ച് അനുമോദിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു.

www.malankaralibrary.com



## വി. ഔസേപ്പ് പിതാവിന്റെ വർഷം

ആഗോള കത്തോലിക്ക സഭ വി. ഔസേപ്പ് പിതാവിന്റെ വർഷമായി 2021 പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഇതിന്റെ ഭാഗമായി എം.സി.എ കർമ്മ പദ്ധതി പ്രഖ്യാപനം നടത്തി.

## അംഗത്വം പുതുക്കൽ

എം.സി.എയുടെ യൂണിറ്റ് അംഗത്വം പുതുക്കൽ വിവിധ ഇടവകകളിൽ പൂർത്തീകരിച്ചു. അംഗത്വ ലിസ്റ്റ് സഭാതല സമിതിയ്ക്ക് സമർപ്പിച്ചു.

## സഭാതല രജതജൂബിലി സോവനീർ

എം.സി.എ സഭാതലത്തിൽ രൂപീകൃതമായിട്ട് 25 വർഷങ്ങൾ പിന്നിടുമ്പോൾ ജൂബിലി സ്മാരക ഫണ്ടിനായി സഭാതലത്തിൽ പുറത്തിറക്കുന്ന ജൂബിലി സോവനിറിലേക്ക് പരസ്യം നൽകി

## പ്രതിക്ഷേധിച്ചു.

ഉത്തർപ്രദേശിൽ സന്യാസിനികൾക്കെതിരെ നടന്ന മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ രാജ്യത്തെ മതേതരത്വത്തിനും മനുഷ്യാവകാശത്തിനും മങ്ങൽ ഏൽപ്പിച്ചിരിക്കുകയാണ്. ഇത്തരം പ്രവണതകൾക്കെതിരെ രൂപത സമിതി ശക്തമായി പ്രതിഷേധിക്കുന്നു.

## യൂണിറ്റ് സന്ദർശനം

രൂപതാ സമിതിയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകൾ സന്ദർശിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.

## അനുശോചനം:

അഭിവിഭക്ത തിരുവല്ല രൂപതാ അദ്ധ്യക്ഷൻ അഭി. ബിഷപ്പ് ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തയുടെ ദേഹവിയോഗത്തിലും മൂവാറ്റുപുഴ രൂപത വികാരി ജനറാളും എം.സി.എ വൈദിക ഉപദേഷ്ടാവുമായിരുന്ന മോൺ: വർഗീസ് കുന്നുപുറത്തച്ചന്റെ ദേഹവിയോഗത്തിലും രൂപതയിലെ മുതിർന്ന വൈദീകൻ റവ. ഫാ. ജേക്കബ്ബ് കൂട്ടപ്ലാക്കിലിന്റെ ദേഹവിയോഗത്തിലും എം.സി.എ മൂവാറ്റുപുഴ രൂപതയുടെ അനുശോചനം രേഖപ്പെടുത്തുന്നു. സഭയ്ക്കും, രൂപതയ്ക്കും ഉണ്ടായ നന്മകളെ ഓർത്ത് എം.സി.എ മൂവാറ്റുപുഴ രൂപത അഭിമാനിക്കുകയും പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്യുന്നു.

ശ്രീ. എബ്രഹാം കൂട്ടപ്ലാക്കിൽ, ശ്രീമതി മേരി കുര്യന്റെ ഭർത്തൃപിതാവ്, ആദ്യകാല എം.സി. എ. പ്രവർത്തകനായിരുന്ന കൊമ്പഴ ഇടവക അംഗം വി ടി മാത്യു വടക്കേക്കര എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

മലങ്കര സഭയുടെ അല്മായ നേതാവും എം.സി.വൈ.എം, എം.സി.എ തുടങ്ങിയ സംഘടനകളുടെ സ്ഥാപക നേതാവുമായ ഷെവ. വർഗ്ഗീസ് കരിപ്പായിലിന്റെ ദേഹവിയോഗത്തിൽ എം.സി.എ മൂവാറ്റുപുഴ രൂപത അനുശോചിച്ചു. ബഥനി സന്ന്യാസിനി സമൂഹ അംഗമായ സിസ്റ്റർ യാനോയുടെ ദേഹവിയോഗത്തിൽ എം.സി.എ അനുശോചിച്ചു.

www.malankaralibrary.com



## നന്ദിപൂർവ്വം

എം.സി.എ രൂപത വൈദീക ഉപദേഷ്ഠാവായി ത്യാഗപൂർണ്ണമായ സേവനം ചെയ്ത റവ. ഫാ. ഷൈജു മാത്യു മേപ്പുറത്ത് OIC ക്ക് ഹൃദയപൂർവ്വം നന്ദി.

## ആശംസകൾ

രൂപതയുടെ വികാരി ജനറാൾ മോൺ: ചെറിയാൻ ചെന്നിക്കരയിലച്ചനും, ചാൻസിലർ റവ. ഡോ. തോമസ് മുതലപ്ര, പ്രൊക്കുറേറ്റർ റവ. ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ എന്നിവർക്ക് അഭിനന്ദനം അറിയിക്കുന്നു.

എം.സി.എ വൈദിക ഉപദേഷ്ടാവായി നമ്മോടൊപ്പമായിരിക്കുന്ന റവ. മോൺ: ചെറിയാൻ ചെന്നിക്കരയിലച്ചന് സംഘടനയുടെ പ്രാർത്ഥനയും ആശംസകളും അർപ്പിക്കുന്നു. ബഥനി സന്ന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ആയി തിരഞ്ഞെടുക്കപ്പെട്ട റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി അനുമോദനം നേരുന്നു. രൂപത പ്രൊക്കുറേറ്റർ ആയി നിയമിതനായ റവ. ഫാ. മൈക്കിൾ വടക്കേവീട്ടിൽ അഭിനന്ദനം അറിയിക്കുന്നു.

## എം.സി.എ സഭാതല സമിതിയോട് ചേർന്ന്

എം.സി.എ സഭാതല സമിതിയുടെ നേതൃത്വത്തിൽ നടത്തിയ എല്ലാ പരിപാടികളിലും രൂപത സമിതിയുടെ സാന്നിധ്യവും നേതൃത്വവും ഉണ്ടായിരുന്നു. പ്രത്യേകിച്ച് ആഗോള അൽമായ സംഗമം, പ്രവാസി സംഗമം, ഉദ്യോഗസ്ഥ കൂട്ടായ്മ, അഭിഭാഷക സംഗമം, മുൻകാല നേതാക്കന്മാരുടെ സംഗമം,സഭാതല മാനേജിംഗ് കമ്മിറ്റി യോഗം തുടങ്ങിയ പരിപാടികളിൽ ഓൺലൈനായി സംബന്ധിച്ചു.

## കെ.സി.എഫിനോട് ചേർന്ന്

കേരള കാത്തലിക് ഫെഡറേഷൻ (കെ.സി.എഫ്) നടത്തിവന്ന എല്ലാ പരിപാടികളിലും രൂപതാ സമിതിയുടെ പങ്കാളിത്തവും നേതൃത്വവും ഉണ്ടായിരുന്നു.

## കേരള വികസന പഠന സെമിനാർ

കെ.സി.എഫ്. സംസ്ഥാന സമിതിയും അല്മായ കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച കേരള വികസന പഠന ശിബിരം പാലാരിവട്ടം പി.ഒ.സിയിൽ വച്ച് ഫെബ്രുവരി 20,21 തീയതികളിൽ നടന്നു. രൂപതയിൽ നിന്ന് 12 അംഗങ്ങൾ പങ്കെടുത്തു. രൂപത പ്രസിഡന്റ് വി.സി ജോർജ്ജ്കുട്ടി പ്രമേയ അവതരണത്തിന് നേതൃത്വം നൽകി.

## ന്യൂനപക്ഷ അവകാശ ബോധവൽക്കരണം

കെ.സി.എഫ്. സംസ്ഥാന സമിതിയും കെ.സി.ബി.സി അല്മായ കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച ന്യൂനപക്ഷ അവകാശ ബോധവൽക്കരണ പരിപാടിയിൽ രൂപതയിൽ നിന്ന് 6 പേർ പങ്കെടുത്തു.

## മീറ്റിംങ്ങുകൾ

2019–21 റിപ്പോർട്ട കാലയളവിൽ 6 രൂപതാ എക്സിക്യൂട്ടീവും 4 മാനേജിംഗ് കമ്മിറ്റി യോഗവും ചേരുകയുായി. സ്ഥാനാരോഹണ ശുശ്രൂഷയോടനുബന്ധിച്ചും മറ്റ് രൂപതാ

www.malankaralibrary.com



പരിപാടികളുടെ ആലോചനയ്ക്കുമായി വിവിധ യോഗങ്ങൾ ചേരുകയുായി. രൂപതാധ്യക്ഷന്റെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത വിവിധ സംഘടനാ ഭാരവാഹികളുടെ യോഗത്തിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുത്തു.

## ഉപസംഹാരം

എം.സി.എ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കുകയും പ്രയത്നിക്കുകയും ചെയ്ത എല്ലാവരോടും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. പ്രസ്ഥാനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകി അനുഗ്രഹിക്കുന്ന അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ് പിതാവിനോടുള്ള നന്ദിയും സ്നേഹവും അർപ്പിക്കുന്നു. സംഘടനയ്ക്ക് കരുത്തും സ്നേഹവും നൽകി നമ്മെ നയിച്ച അഭിവന്ദ്യ ഡോ. എബ്രഹാം മാർ യൂലിയോസ് പിതാവിനോടുള്ള സംഘടനയുടെ നന്ദി അർപ്പിക്കുന്നു.

നമ്മുടെ വൈദിക ഉപദേഷ്ടാവായിരുന്നു ദൈവസന്നിധിയിലായിരിക്കുന്ന മോൺ: വർഗീസ് കുന്നുപുറത്തച്ചനോടുള്ള സ്നേഹവും ആദരവും അർപ്പിക്കുന്നു. മുൻ വൈദീക ഉപദേഷ്ഠാവ് റവ. ഫാ. ഷൈജു മാത്യു OIC ക്കും, ഇപ്പോൾ നമ്മെ നയിക്കുന്ന മോൺ: ചെറിയാൻ ചെന്നിക്കരയച്ചനോടുള്ള സ്നേഹവും ആദരവും നന്ദിയും അർപ്പിക്കുന്നു.

സഭാതല പ്രസിഡന്റ് ശ്രീ. വി.പി മത്തായി, ജന. സെക്രട്ടറി, ചെറിയാൻ ചെന്നീർക്കര, വൈ. പ്രസിഡന്റ് ശ്രീ. എൻ.റ്റി ജേക്കബ്ബ്, സഭാതല മാനേജിങ് കമ്മറ്റി അംഗം ശ്രീ. ഫിലിപ്പ് കടവിൽ, ശ്രീമതി ഷീല അലക്സ് എന്നിവർക്കും നന്ദിയർപ്പിക്കുന്നു.

എല്ലാ മേഖല വൈദിക ഉപദേഷ്ടാക്കൾക്കും രൂപത സമതി അംഗങ്ങൾക്കും മുൻ നേതാക്കന്മാർക്കും മേഖല സമിതിക്കും കഴിഞ്ഞ കാല പ്രവർത്തനങ്ങൾക്ക് നന്ദിയർപ്പിക്കുന്നു. യൂണിറ്റ്തല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വൈദികർ, മറ്റു ഭാരവാഹികൾ എല്ലാ വർക്കും പ്രാർത്ഥനയും കൃതജ്ഞതയും അർപ്പിക്കുന്നു.

കലുഷിതമായ ഒരുപാടു പ്രശ്നങ്ങൾക്ക് നടുവിലും, തിരക്കുകൾക്കിടയിലും സഭയ്ക്കു വേണ്ടി, സമൂഹത്തിനുവേണ്ടി സംഘടനയ്ക്കുവേണ്ടി മലങ്കര കാത്തലിക് അസോസിയേഷനോട് സഹകരിച്ച എല്ലാവർക്കും നന്മകൾ നേരുന്നു.

സഹകരിച്ച, സഹായിച്ച, സമയവും ധനവും നൽകിയവർ, പ്രാർത്ഥനയിലും ചിന്തയാലും ഉത്തേജിപ്പിച്ച എല്ലാവർക്കും നന്ദിയർപ്പിച്ചുകൊണ്ട് സവിനയം റിപ്പോർട്ട് സമർപ്പിക്കുന്നു.

| **റവ. മോൺ. ചെറിയാൻ ചെന്നിക്കര** | **വി.സി ജോർജ്ജ്കുട്ടി** | **ഷിബു പനച്ചിക്കൽ** |
|---|---|---|
| വൈദീകോപദേഷ്ടാവ് | പ്രസിഡന്റ് | ജന. സെക്രട്ടറി |

ആശംസകളോടെ...

**ശ്രീ. സജീവ് ജോർജ് കരിമ്പ & ഫാമിലി**

www.malankaralibrary.com



# രൂപതാ ഭാരവാഹികൾ

| Sl. No. | Particulars | Name/Address | ContactNumber |
|---|---|---|---|
| 1. | **Ecclesiastical Advisor** | **Rev. Msgr. Cherian Chennikara**<br>Bishops House<br>Mudavoor, Vazhapilly<br>Muvattupuzha | 8547531685 |
| 2. | **President** | **Mr. V.C.Georgekutty**<br>Vadasseril (H)<br>Vettickal P.O<br>Mulanthuruthy<br>Ernakulam - 682314 | 9048505127 |
| 3 | **Vice President** | **Mr. Gheevarghese K.M**<br>Mankkalathil (H)<br>Perumbavoor P.O,<br>Ernakulam | 94471697998 |
| 4 | **Vice President** | **Mrs. Leena Sambath**<br>1/70. Govindapuram<br>No.10 Muthu P.O<br>Kinnathukadavu<br>Coimbathur T.N - 642109 | 8973638080 |
| 5 | **Gen. Secretary** | **Mr. Shibu Panichikkal**<br>Panichikkal (H)<br>Onakkoor P.O<br>Pampakuda | 9946035611 |
| 6 | **Secretary** | **Mr. Ommen Sankaramangalam**<br>Sankaramangalam House<br>Doni P.O.<br>Olavakkoodu-Palakkad | Ph: 9447422444 |
| 7 | **Treasurer** | **Mr. Saji Thannnikal**<br>Thannikal (H)<br>Peechi, Vilangannoor P.O,<br>Thrissur | 9961851317 |
| 8 | **Central Vice President** | **N.T. Jacob** | 9388605604 |
| 9 | **Executive Member** | **Philip K.M** | 9447223059 |
| 10 | **Executive Member** | **Sheela Alex** | 9895356068 |
| 11 | **Executive Member** | **Mary Kurian (KCF Vi. Pres.)** | 9446037250 |
| 12 | **Executive Member** | **Daniel Thomas** | 9446666509 |
| 13 | **Executive Member** | **T.D.Georgekutty** | 9847057660 |

www.malankaralibrary.com



# രൂപത മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ

| | PRESIDENT | | Executive members |
|---|---|---|---|
| 1 | **V.C.Georgekutty**<br>Vadasseril (H)<br>Vettickal P.O<br>Mulanthuruthy - 682314<br>Ph. 9048505127 | 7 | **N.T.Jacob**<br>Njarakkattu<br>Thiruvaniyoor P.O<br>Ernakulam – 682308<br>Ph:9388605604 |
| | **VICE PRESIDENT** | | |
| 2 | **Gheevarghese K.M**<br>Mankkalathil (H)<br>Perumbavoor P.O,<br>Ernakulam<br>Ph: 94471697998 | 8 | **Philip K.M**<br>Kadavil (H)<br>Ramamangalm P.O<br>Ernakulam<br>Ph: 9447223059 |
| 3 | **Leena Sambath**<br>1/70. Govindapuram<br>No.10 Muthu P.O<br>Kinnathukadavu<br>Coimbathur T.N - 642109<br>Mob: 8973638080 | 9 | **Sheela Alex**<br>Mamaleth (H)<br>Vaniyampara P.O<br>Thrissur<br>Mob: 9895356068 |
| | **GENERAL SECRETARY** | | |
| 4 | **Shibu Panichikkal**<br>Panichikkal (H)<br>Onakkoor P.O<br>Pampakuda<br>Ph: 9946035611 | 10 | **Mary Kurian**<br>Cheravallil (H)<br>Thrikkakara P.O<br>Kochi-682021<br>Ph: 9446037250 |
| | **SECRETARY** | | |
| 5 | **Ommen Sankaramangalam**<br>Sankaramangalam House<br>Doni P.O.<br>Olavakkoodu-Palakkad<br>Ph: 9447422444 | 11 | **Daniel Thomas**<br>Kathayil (H)<br>Piravom P.O<br>Ernakulam<br>Ph: 9446666509 |
| | **TREASURER** | | |
| 6 | **Saji Thannnikal**<br>Thannikal (H)<br>Peechi, Vilangannoor P.O,<br>Thrissur<br>Ph:9961851317 | 12 | **T.D.Georgekutty**<br>Thekkethil (H)<br>Chalickavattom<br>Vennala P.O<br>Kochi-28, Ph: 9847057660 |

www.malankaralibrary.com



# രൂപത മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ

| | | | |
|---|---|---|---|
| 13. | **K.D.Appachan**<br>Kolukkandathil (H)<br>Manakkulangara P.O<br>Koprakadan, Chalakkudy<br>Ph: 9446902443,8907161122 | 19. | **Thomas Francis**<br>Parayidathil (H)<br>Near Yuvakshethra College<br>Ezhakkad P.O, Palakkad<br>Mob:9308686059 |
| 14. | **Alexander P.C**<br>Punnamadam (H)<br>NAD Post, Nochima<br>Aluva-683563<br>Ph: 9446536899 | 20. | **Sajeev George**<br>Velloor, Karimba P.O<br>Palakkad-678597<br>Mob: 9447745468 |
| 15. | **K.T. Kuriakose**<br>Karuthedath House<br>Thiruvaniyoor P.O<br>Ernakulam - 682308<br>Ph: 9995822961 | 21. | **Skaria D.**<br>Thejas, Mandanchira<br>Kannara P.O, Thrissur<br>Pin-680652<br>Ph: 9747729399 |
| 16. | **Shibu C.B**<br>Charalumpurath (H)<br>Moleth Road, Thoppil North<br>Behind HDFC Bank<br>Unichira, Thrikkakkara<br>Kochi-682021<br>Ph: 9048801378 | 22. | **Saly Jacob**<br>Kezhaplachal (H)<br>Thekkumpadam,<br>Pallikkadu P.O<br>Thrissur<br>Ph: 9961738239 |
| 17. | **Abeesh Koorappillil**<br>Koorappillil (H)<br>Ezhakkaranadu P.O<br>Maneed, Ernakulam<br>Ph: 9947201036 | 23. | **Sunny Vellappillil**<br>Kattilapoovam P.O<br>Kundukadu<br>Thrissur, Pin-680028<br>Mob: 9562620646 |
| 18. | **Saji Peter**<br>Pallikkattil (H)<br>Veettoor, Nelladu P.O<br>Muvattupuzha<br>Ph: 8606826413 | 24. | **Reji K.C**<br>Kuzhikandathil<br>Kattilapoovam P.O<br>Thrissur, Pin-680028<br>Mob: 9847563016 |
| 25 | **Rev. Msgr. Cherian Chennikara**<br>Bishops House<br>Mudavoor, Vazhapilly<br>Muvattupuzha<br>Mob: 7034425450 | | |

# മേഖല ഭാരവാഹികൾ

## പിറവം മേഖല

**Eccl: Advisor Rev. Fr. George Kayyanickal**
Mob: 9744920050

| Sl.No | Particulars | Name/Address | Contact Number |
|---|---|---|---|
| 1. | **President** | **Mr. Shibu C.B**<br>Charalumpurath House<br>Molathe road, Thoppil North<br>Behind HDFC Bank, Unichira,<br>Thrikkakkara P.O<br>Cochin-682 021 | 09048801378 |
| 2. | **Vice President** | **Mr. Ajimon Varghese**<br>Njarallothu House<br>Pampakuda, Onakkur P.O<br>Ernakulam-686 667 | 09447972777 |
| 3. | **Vice President** | **Mrs. Alice Sunil**<br>Kumullil House, Vettickal P.O<br>Mulanthuruthy (Via)<br>Ernakulam-682314 | 09895335091 |
| 4. | **Secretary** | **Mr. Abeesh K Alias**<br>Koorappillil House<br>Ezhakkaranadu P.O<br>Puthencruze (Via)<br>Ernakulam-682308 | 09947201036 |
| 5. | **Joint Secretary** | **Mr. Raju T Kurien**<br>Theradiyil House<br>Mulanthuruthy<br>Ernakulam Dist | 09526691645 |
| 6. | **Joint Secretary** | **Mr. T.D.Georgekutty**<br>Thekkethil House<br>Manpurakkal Road<br>Vennala P.O, Cochin<br>Kerala-682028 | 09847057660 |
| 7. | Treasurer | Mr. Daniel Thomas<br>Kaithayil, Piravom P.O<br>Ernakulam-686664 | 09446666509 |
| 8. | Executive Member | Mr. N.T Jacob | 09388605604 |
| 9. | Executive Member | Mr. V.C.Georgekutty | 09048505127 |
| 10. | Executive Member | Mr. K.T. Kuriakose | 09995822961 |
| 11. | Executive Member | Mr. Shibu Panachikan | 09946035611 |
| 12 | Executive Member | Mrs. Mary Kurian | 09446037250 |

www.malankaralibrary.com



## പീച്ചി മേഖല

## Eccl: Advisor Rev. Fr. Wilson Velikkathu

Mob: 9447464927

| Sl.No | Particulars | Name/Address | Contact Number |
|---|---|---|---|
| 1. | President | **Skaria D** (Thejus (H),<br>Madanchira, Kannara P.O,<br>Thrissur- 680652 | 9747729399 |
| 2. | Vice President | **Jancy, Thekkekidiyil,** | 9497655430 |
| 3. | Secretary | **Saly Jacob, Kezhaplachal** (H),<br>Thekkeppadam,<br>Pallikkadu P.O Thissur | 9961738239 |
| 4. | Joint Secretary | **Geevarghese, Thadathil,** | 9446992692 |
| 5. | Treasurer | **Jacob Moleputhuparambil,**<br>Chennaipura P.O, Kozhymukku<br>Thrissur -680653 | |
| 6. | Executive Member | **Saji Thannickal** | 9961851317 |

## മൂവാറ്റുപുഴ മേഖല

## Eccl: Advisor Rev. Fr. Jose Kuttikeril

Mob: 9447623614

| Sl.No | Particulars | Name/Address | Contact Number |
|---|---|---|---|
| 1. | President | **K.D. Appachan**<br>Kodukandathil<br>Manakulangara P.O<br>Koprakadam, Chalakkudy | 9446902443 |
| 2. | Vice President | **Lovely K.V**<br>V1 Myhome Appartment<br>Kunnupuram Desam, Aluva | 9947250801 |
| 3. | Secretary | **Saji Peter,**<br>Pattikkattil (H)<br>Veettoor P.O<br>Nelladu , Muvattupuzha | 8606826413 |
| 4. | Joint Secretary | **Sali Thomas**<br>Matharvilayil<br>Near Marthoma College,<br>Perumbavoor | 9447720310 |
| 5. | Treasurer | **Kunjumon C. Varghese**<br>Chukkumannil<br>Puthuppanam, Kolenchery | 9961394888 |

www.malankaralibrary.com



| | | | |
|---|---|---|---|
| 6. | Executive Members | **Alexander P.C** | 9446536899 |
| 7 | | **Tomy Karavattu** | 7598468503 |
| 8 | | **Philip Kadavil** | 9447223059 |
| 9 | | **Ghevarghese Perumbavoor** | 94471697998 |

## കുന്നംകുളം മേഖല

## Eccl: Advisor Rev. Fr. Johny Cherikkayath

Mob: 94475795004

| Sl.No | Particulars | Name/Address | Contact Number |
|---|---|---|---|
| 1. | President | **Sunny Vellappillil** Kattilapoovam, Kundukada Thrissur-680028 | 9562620646 |
| 2. | Vice President | **Margrate Nikson** Kakaksseril Panackal Road, Kunnamkulam | 9496239061 |
| 3. | Secretary | **Reji K.C** Kuzhikandathil Kattilapoovam, Kundukada Thrissur-680028 | 9847563016 |
| | Joint Secretary | **Preetha Job** Kuzhipilly House Kadavalloor P.O Kallumpuram, Thrissur | 9745679929 |
| | Tresurer | **Geo George** Vadakkan Thozhiyoor P.O, Kunnamkulam | 8086472202 |

ആശംസകളോടെ...

**ശ്രീ. കെ.ടി. കുര്യാക്കോസ് കറുത്തേടത്ത് & ഫാമിലി**

ആശംസകളോടെ...

**കമാൻഡർ തോമസ് കോശി & ഫാമിലി**

# കരിമ്പ മേഖല

## Eccl: Advisor Rev. Fr. Monson Kuriakose, Mekkattu OIC

Mob: 7598468503

| Sl.No | Particulars | Name/Address | Contact Number |
|---|---|---|---|
| 1. | President | **Thomas Fransis**<br>Parayidathil (H)<br>Near Yuvakshethra College<br>Ezhakkadu P.O, Palakkadu | 7594880984 |
| 2. | Vice President | **P.V.Varghese** | |
| 3. | Vice President | **Jose Panakkulam**<br>V.M.road, Mannarkadu P.O<br>Palakkadu-678582 | 9847235616 |
| 4. | Secretary | **Sajeev George**<br>Velloor (H), Karimba P.O<br>Palakkadu-678597 | 9447745468 |
| 5. | Joint Secretary | **Bessy**<br>Kollarakuzhy<br>Siruvani Junction<br>Karimba P.O<br>Palakkadu-678597 | |
| 6. | Treasurer | **Oomman C.O**<br>Sankaramangalam<br>Dhoni P.O, Palakkuda<br>Pin-678009 | 9447422444 |
| | Executive Member | **Leena Sambath**<br>1/70. Govindapuram<br>No.10 Muthu P.O<br>Kinnathukadavu<br>Coimbathur T.N - 642109 | 8973638080 |

ആശംസകളോടെ...

ശ്രീ. എഡിസൺ ജി വർഗീസ് & ഫാമിലി

ആശംസകളോടെ...

ശ്രീ. സുഭാഷ് വെട്ടിക്കാട്ടിൽ & ഫാമിലി

www.malankaralibrary.com



# ജൂബിലി ആഘോഷവും എം.സി.എ വാർഷിക അസംബ്ലിയും

**2021 ഏപ്രിൽ 14 | ബുധൻ, സെന്റ് ജോസഫ് കത്തീഡ്രൽ, മൂവാറ്റുപുഴ**

| പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ഡോ. എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തയ്ക്ക് ആദരവ് | എം.സി.എ സഭാതല രജത ജൂബിലി ആഘോഷം എം.സി.എ രൂപത വാർഷിക അസംബ്ലിയും തെരഞ്ഞെടുപ്പും | ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. ഡോ. മത്തായി കടവിൽ OIC യ്ക്ക് അനുമോദനം |
|---|---|---|

9.00 am : രജിസ്ട്രേഷൻ

9.30 am : വി. കുർബാന

പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ഡോ. എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ മുഖ്യ കാർമ്മീകത്വത്തിൽ

11.00 am : **ജൂബിലി സമ്മേളനം**

**പ്രാർത്ഥന**

| | | |
|---|---|---|
| സ്വാഗതം | : | ശ്രീ. ഷിബു പനച്ചിക്കൽ (എം.സി.എ. രൂപത ജന. സെക്രട്ടറി) |
| ആമുഖ പ്രഭാഷണം | : | വെരി റവ. മോൺ. ചെറിയാൻ ചെന്നിക്കര (വികാരി ജനറാൾ) |
| ഉദ്ഘാടനം | : | **മോസ്റ്റ് റവ. ഡോ. യൂഹാന്നോൻ മാർ തെയഡോഷ്യസ്** (മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ) |
| അദ്ധ്യക്ഷ പ്രസംഗം | : | ശ്രീ. വി.സി. ജോർജ്ജ്കുട്ടി (എം.സി.എ. രൂപത പ്രസിഡന്റ്) |

ആദരിക്കൽ, ഉപഹാര സമർപ്പണം

| | | |
|---|---|---|
| അനുഗ്രഹ പ്രഭാഷണം | : | **മോസ്റ്റ് റവ. ഡോ. എബ്രഹാം മാർ യൂലിയോസ്** (മൂവാറ്റുപുഴ രൂപത മുൻ അദ്ധ്യക്ഷൻ) |
| മുഖ്യപ്രഭാഷണം | : | വെരി റവ. ഡോ. മത്തായി കടവിൽ OIC (സുപ്പീരിയർ ജനറൽ, ബഥനി സന്യാസ സമൂഹം) |
| ജൂബിലി സന്ദേശം | : | ശ്രീ. വി.പി മത്തായി (എം.സി.എ. സഭാതല പ്രസിഡന്റ്) |
| ആശംസകൾ | : | വെരി റവ. ഫാ. ഐസക് കോച്ചേരി (പ്രഥമ രൂപത വൈദികോപദേഷ്ടാവ്) |
| | : | ശ്രീ. കെ. ജെ. പീറ്റർ കിയ്യാലിൽ (എം.സി.എ. പ്രഥമ രൂപത പ്രസിഡന്റ്) |
| | : | ശ്രീ. എൻ. ടി ജേക്കബ്ബ് (എം.സി.എ സഭാതല വൈസ് പ്രസിഡന്റ്) |
| | : | ശ്രീ. ഫിലിപ്പ് കടവിൽ (എം.സി.എ സഭാതല മുൻ പ്രസിഡന്റ്) |
| നന്ദി | : | ശ്രീ. സജി താണിക്കൽ (എം.സി.എ. രൂപത ട്രഷറർ) |

1.00 pm : പ്രാർത്ഥന, ഉച്ചഭക്ഷണം

2.00 pm : **രൂപത വാർഷിക അസംബ്ലി**
മേഖല റിപ്പോർട്ട്, രൂപത റിപ്പോർട്ട്, രൂപത കണക്ക്
സംഘടന ചർച്ച, രൂപത ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്
ഭാരവാഹികളുടെ സത്യപ്രതിജ്ഞ

4.00 pm : സമാപനം

www.malankaralibrary.com



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള
അനുമോദന സമ്മേളനം അഭി. പിതാവ് ഉദ്ഘാടനം ചെയ്യുന്നു

## CARITHAS PROJECT - SEMINAR'S











www.malankaralibrary.com

